# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 47

20 ജൂൺ 2015 പുസ്തകം 37 ലക്കം 47 പേജ് 6


ഉൾപ്പേജുകളിൽ


- എഡിറ്റോറിയൽ 2
- യാത്രാവിവരണം 3
- വന്നവഴികൾ/ഗാനം 4
- ക്വിസ്/ലേഖനം 5
- ചിന്ത/വാർത്തകൾ 6


# ദൈവസഭയും ശുശ്രൂഷകന്മാരും

**ജോർജ്ജ് പീറ്റർ, ചിറ്റൂർ**

**ദൈവം സ്ഥാപിച്ച കുടുംബത്തിൽ, കർത്താവ് സ്വന്ത നിണം വിലകൊടുത്ത് വാങ്ങിയ ദൈവസഭയിൽ, സമൂഹത്തിൽ പരിശുദ്ധാത്മാവ് ആക്കിവെച്ച സഭാശുശ്രൂഷകന്മാർ എങ്ങനെ പെരുമാറണം...?**

**1. സഭാശുശ്രൂഷകന്മാർ കുടുംബത്തിൽ**

ഒരു സഭാശുശ്രൂഷകന്റെ പ്രസംഗം അവസാനിക്കാറായപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ പായും തലയണയുമായി സഭാഹാളിൽ വന്നു. ആശ്ചര്യത്തോടെ നോക്കിനിന്നവർ ചോദിച്ചു, "എന്തിനാണ് ഹാളിലേക്ക് പായും തലയണയും കൊണ്ടുവന്നത്?" ഭാര്യ: "ഈ സഭാമന്ദിരത്തിൽ അദ്ദേഹത്തിന്റെ പ്രസംഗവും പെരുമാറ്റവും ദൈവദൂതനെ പോലെയാണ്, ഭവനത്തിൽ പിശാചിന്റെ സ്വഭാവമാണ്. അതുകൊണ്ട് അദ്ദേഹം സഭാമന്ദിരത്തിൽ താമസിക്കുന്നതാണ് ഏറെ ഉത്തമം." ഈ സഭാശുശ്രൂഷകന് തന്റെ ഭവനത്തിലെ സാക്ഷ്യം ഇതാണ്. ഇതുപോലെ പല ശുശ്രൂഷകന്മാരെ പറ്റിയും കേൾക്കാറുണ്ട്. സ്വന്തം ഭവനത്തിൽ സാക്ഷ്യം പുലർത്താൻ കഴിയാത്തവർ സഭാശുശ്രൂഷകളിൽ നിന്നും മാറിനിൽക്കുന്നതാണ് നല്ലത്. സ്വന്തം കുടുംബത്തെ ഭരിക്കാൻ അറിയാത്തവർ ദൈവസഭയെ എങ്ങനെ പരിപാലിക്കും? (1 തിമൊ. 3:4-5). മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നു (എബ്രാ. 3:2). ശുശ്രൂഷകന്മാർ സ്വന്തം കുടുംബത്തിൽ സാക്ഷ്യം പുലർത്താതെ കറങ്ങിനടന്നു ശുശ്രൂഷിക്കുന്നത് തികച്ചും അപലപനീയമാണ്. നോഹ, ഹാനോക്ക്, അബ്രഹാം, യോശുവ തുടങ്ങി അനേക ഭക്തന്മാർ തങ്ങളുടെ കുടുംബത്തോടുകൂടെ വസിച്ച് ദൈവിക ശുശ്രൂഷകൾ തികച്ച് നമുക്കു മാതൃകയായി തീർന്നവരാണ്. സഭാശുശ്രൂഷകന്മാരായ നാം നമ്മുടെ ഭവനത്തിൽ മാതൃകയോടെ ജീവിച്ച് ശുശ്രൂഷകൾ നിർവ്വഹിപ്പാൻ കർത്താവ് കനിവ് കാണിക്കുമാറാകട്ടെ.

**2. സഭാശുശ്രൂഷകന്മാർ സഭയിൽ**

ഭൂമിയിൽ കർത്താവ് സ്വന്തം വിലകൊടുത്ത് സ്ഥാപിച്ച ഏകസ്ഥാപനമാണ് ദൈവസഭ. ഞാൻ എന്റെ സഭയെ പണിയും (മത്താ. 16:18). സാർവ്വത്രിക സഭയുടെ ഉദ്ഘാടന സംഭവമാണ് അപ്പൊസ്തലപ്രവൃത്തി രണ്ടാം അധ്യായത്തിന്റെ ആരംഭത്തിൽ കാണുന്ന അടയാളത്തോടുകൂടിയ ആത്മപകർച്ച. അന്നു തന്നെ സ്ഥലം സഭയും രൂപവൽക്കരിക്കപ്പെട്ടു. മൂവായിരത്തോളം പേർ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ടു അവരോടു ചേർന്നു. ഇതു സ്ഥലം സഭയെക്കുറിക്കുന്നതാണ് (അപ്പൊ. 2:41). ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയത്തിൽ ( 1 തിമൊ. 3:15) ശുശ്രൂഷകന്മാർ എങ്ങനെ ആയിരിക്കണം? തിരുവെഴുത്ത് എന്തുപറയുന്നു എന്നുള്ളതാണ് നോക്കേണ്ടത്. അപ്പൊസ്തലന്മാരും പ്രവാചകന്മാരും സഭയുടെ അടിസ്ഥാന പണിയിൽ ഉൾപ്പെട്ടവരാണ്. സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ മറ്റു ശുശ്രൂഷകന്മാർ, മുതലായവരാൽ സഭ ഇന്ന് പരിപാലിക്കപ്പെടുന്നു. പരിപാലനം ഇല്ലാത്തയിടത്ത് ജനം അധോഗതി പ്രാപിക്കുന്നു.

സ്ഥലം സഭകളിൽ ധാരാളം ശുശ്രൂഷകൾ ഉണ്ട്. സഭയുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിവേണം എല്ലാ ശുശ്രൂഷകളും ചെയ്യുവാൻ.

പരിശുദ്ധാത്മാവിനാൽ നിയോഗിക്കപ്പെട്ട ശുശ്രൂഷകന്മാരാൽ സഭ പരിപാലിക്കപ്പെടണം (അപ്പൊ. 20:28). സഭയിലെ ഏതു ശുശ്രൂഷയാണ് പരിശുദ്ധാത്മാവ് ഏല്പിച്ചിരിക്കുന്നത് ആ ശുശ്രൂഷ ആത്മനിറവിൽ വേണം നിർവ്വഹിക്കുവാൻ. കൃപാവരം ഉപേക്ഷയായ് വിചാരിക്കാതെ ജ്വലിപ്പിക്കണം എന്നും നാം വായിക്കുന്നുവല്ലൊ.

**3. സഭാശുശ്രൂഷകന്മാർ ജീവിതത്തിൽ**

a. സഭാശുശ്രൂഷകന്മാർ ആത്മനിറവിൽ ശുശ്രൂഷകൾ ചെയ്യണം (അപ്പൊ. 6:3). ആത്മനിയോഗമില്ലാത്തവർ ശുശ്രൂഷകൾ സ്വയം ഏറ്റെടുത്ത് ചെയ്യുന്നത് സഭയ്ക്ക് ദോഷകരമായിഭവിക്കും.

b. സഭാശുശ്രൂകന്മാർ നല്ല സാക്ഷ്യമുള്ളവരായിരിക്കണം. സ്തെഫാനൊസും എല്ലാവരാലും സഭയ്ക്ക് അകത്തും പുറത്തും നല്ല സാക്ഷ്യം പ്രാപിച്ച് ശുശ്രൂഷകന്മാർക്കു മാതൃക

➤ശേഷം 2-ാം പേജിൽ

## എം.എം. സഖറിയ വിട പറഞ്ഞു...



**കോട്ടയം:** സുവിശേഷകനും പ്രസിദ്ധ വാഗ്മിയും വേദപണ്ഡിതനുമായിരുന്ന കർത്തൃദാസൻ എം.എം. സഖറിയ (88) താൻ പ്രത്യാശ വച്ചിരുന്ന കർത്താവിന്റെ സന്നിധിയിലേക്ക് ജൂൺ 5-ന് ചേർക്കപ്പെട്ടു. പ്രവചന വിഷയങ്ങളിൽ അഗ്രഗണ്യനായിരുന്ന എം.എം. സഖറിയ തനിക്കു ലഭിച്ച കഴിവുകളും അവസരങ്ങളും കർത്താവിനർപ്പിച്ച് ഏഴു ദശാബ്ദത്തിലധികം കർത്തൃശുശ്രൂഷയിലായിരുന്ന ശേഷമാണ് വിടപറഞ്ഞത്.

തിരുവചന സത്യങ്ങളിലുണ്ടായിരുന്ന ആഴമായ അറിവും തനിക്കു ലഭിച്ച ദൈവകൃപയും ദുരുപദേശക്കാർ ക്കെതിരെ നെഞ്ചുവിരിച്ചു നിൽക്കുവാൻ അദ്ദേഹത്തിനു തുണയായി. പുതിയ നിയമ ഉപദേശ സത്യങ്ങളിൽ ഒട്ടും അയവില്ലാതെ ജീവിതാന്ത്യം വരെ നിഷ്കർഷയോടെ ഉറച്ചു നിന്ന അദ്ദേഹം എം.ഇ. ചെറിയാനു ശേഷം വിവിധ വേദികളിൽ ബ്രദറൺ സമൂഹത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നേ, സമുദായവ്യത്യാസമില്ലാതെ അദ്ദേഹം അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തു.

വിവിധ ബൈബിൾ കോളേജുകളിൽ അധ്യാപകനായിരുന്ന അദ്ദേഹത്തിന് ലോകമെമ്പാടും നിരവധി ശിഷ്യഗണങ്ങളുണ്ട്. ബൈബിൾ സൊസൈറ്റി കേരളഘടകത്തിന്റെ വൈസ്പ്രസിഡന്റ്, സ്റ്റീവാർഡ് അസോസിയേഷൻ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ദീർഘകാലം കുമ്പനാട് ബ്രദറൺ ജനറൽ കൺവൻഷനിൽ മുഖ്യപ്രഭാഷകനായിരുന്നു. ദൈവിക ത്രിത്വം, പരിശുദ്ധാത്മാവും അന്യഭാഷാ ഭാഷണവും തുടങ്ങി നാലു ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

മൃതദേഹം ജൂൺ 8-ന് രാവിലെ തിരുവല്ല ടി.എം.എം. ചാപ്പലിൽ പൊതുദർശനത്തിനു വച്ചശേഷം പുതുപ്പള്ളിയിലേക്ക് കൊണ്ടുപോയി. പുതുപ്പള്ളി ബ്രദറൺ സഭാഹാളിൽ നടന്ന സംസ്കാര ശുശ്രൂഷയിൽ സമൂഹത്തിന്റെ വിവിധ മേഖലയിൽ നിന്നുള്ള വലിയ ജനാവലി പങ്കുകൊണ്ടു. അനേക വിശുദ്ധന്മാരുടെയും സഹപ്രവർത്തകരുടെയും സാന്നിധ്യത്തിൽ ഉച്ചയ്ക്ക് ഒരു മണിയോടെ ഭൗതികശരീരം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ഭാര്യ: പരേതയായ അയ്മനം വേങ്ങാച്ചേരിൽ തങ്കമ്മ.

മക്കൾ: മേഴ്സി, റോയി, റജി, സുവിശേഷകൻ സാജൻ, സ്മിത

മരുമക്കൾ: യോഹൻ, ലെനി, ജിജി, ആനി, ഷാജി

('ഇനിയും നിലയ്ക്കാത്ത ശബ്ദം' - എം.എം. സഖറിയയുടെ ജീവിതത്തെയും പ്രവർത്തനത്തെയും വിലയിരുത്തിക്കൊണ്ട് ജോർജ്ജു കോശി മൈലപ്രയുടെ പ്രത്യേക ലേഖനം പേജ് 5 കാണുക)

**വെസ്റ്റ് ബംഗാൾ കാമ്പയിൻ - 24 പെർഗാനാസ് (നോർത്ത്) റിപ്പോർട്ട്**

# 'ഈ ഗ്രാമത്തിൽ പാപികളില്ല.'

**വെ**സ്റ്റ് ബംഗാൾ കാമ്പയിൻ എട്ടാം മാസത്തിലേക്കു പ്രവേശിച്ചിരിക്കയാണ്. 24 പെർഗാനാസിന്റെ വടക്കൻ മേഖലയിലാണ് ടീം ഇപ്പോൾ ആയിരിക്കുന്നത്. കേരളത്തിൽ നിന്നും സഹോദരന്മാരായ ഡോ. ഒ.കെ. മർക്കോസ് പിറവം, ജോമോൻ സാമുവേൽ ചേലക്കോട്ടുകര, വർഗീസ് ആന്റണി നേര്യമംഗലം, ഫിലിപ്പ് ശാമുവേൽ പള്ളിപ്പാട് എന്നിവർ പ്രവർത്തനത്തിനായി ടീമിൽ എത്തി. ഈ ജില്ലയിലെ കോ-ഓർഡിനേറ്ററായ സുവിശേഷകൻ മൊളായ് കാന്തിദാസ്, റജീബ്, ആശിഷ്, സുശീൽ എന്നീ ബംഗാളി സഹോദരന്മാരും സജീവമായി പ്രവർത്തനത്തിൽ സഹകരിച്ചു.

കേരളത്തിന്റേതുപോലെയുള്ള കാലാവസ്ഥയാണ് ഇപ്പോൾ ഇവിടെ. ചൂട് ആരംഭിച്ചു എങ്കിലും ഇടയ്ക്കിടക്കു പെയ്യുന്ന മഴയ്ക്ക് ചൂടിന്റെ കാഠിന്യത്തെ തെല്ലു കുറയ്ക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ബാരാസാത് എന്ന സ്ഥലത്തു താമസിച്ചാണ് പ്രവർത്തിക്കുന്നത്. മിക്ക ദിവസങ്ങളിലും 30 കിലോമീറ്റർ ദൂരെയുള്ള ഗ്രാമങ്ങളെ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. താമസസ്ഥലത്തു നിന്നും രാവിലെ 7.30-നു ടീം പുറപ്പെട്ടു പ്രവർത്തനത്തിനു ശേഷം 3.30 നാണ് മടങ്ങി എത്തുന്നത്.

**ബംഗ്ളാദേശിന്റെ അതിർത്തിവരെ പോയി കർത്താവിന്റെ വചനത്തിനു സാക്ഷ്യം വഹിക്കുവാൻ ടീമംഗങ്ങളെ കർത്താവു ബലപ്പെടുത്തി. ട്രാക്റ്റുകളും പുസ്തകങ്ങളും വേണ്ടാ എന്നു പറഞ്ഞവർ വളരെ വിരളമായിരുന്നു.**

ഇവിടുത്തെ ഗ്രാമീണർ വചനം കേൾക്കുന്നതിൽ താല്പര്യം കാണിക്കാറുണ്ട്. ഗ്രാമവാസികളിൽ ബഹുഭൂരിപക്ഷവും അത്യാവശ്യം എഴുത്തും വായനയും കൈവശമാക്കിയിട്ടുണ്ട്. അതിനാൽ ട്രാക്റ്റുകളും ചെറുപുസ്തകങ്ങളും വാങ്ങുന്നതിൽ ഉത്സാഹികളാണ്. ബൈബിൾ വാങ്ങിയവരും ഉണ്ട്. രണ്ടാഴ്ച ടീമിൽ ഉണ്ടായിരുന്ന ബംഗാളി സഹോദരന്മാർ പ്രവർത്തനത്തിനുശേഷം മടങ്ങിപ്പോയി.

അടുത്ത രണ്ടാഴ്ചത്തെ വേലയ്ക്കായി സഹോദരന്മാരായ തരുൺ ഇക്കണ്ടൽ, സുർജിത്ത് സാൽ, ലളിത് ദാസ്, ശ്യാംപ്രസാദ് എന്നിവർ ടീമിലെത്തി വേലയിൽ പങ്കാളികളായി. മുനിസിപ്പാലിറ്റി കോർപ്പറേഷൻ ഇലക്ഷന്റെ പ്രചരണവും വോട്ടെടുപ്പും മൂലം ദൂരെയുള്ള ഗ്രാമങ്ങളിൽ പോയി പ്രവർത്തിക്കുവാൻ ദൈവം സഹായിച്ചു. ബംഗ്ളാദേശിന്റെ അതിർത്തിവരെ പോയി കർത്താവിന്റെ വചനത്തിനു സാക്ഷ്യം വഹിക്കുവാൻ ടീമംഗങ്ങളെ കർത്താവു ബലപ്പെടുത്തി. ട്രാക്റ്റുകളും പുസ്തകങ്ങളും വേണ്ടാ എന്നു പറഞ്ഞവർ വളരെ വിരളമായിരുന്നു.

➤ ➤


ഒരുങ്ങുവിൻ! പ്രാർത്ഥിപ്പിൻ! വന്നു ചേരുവിൻ ...

**വൈ. എം. ഇ. എഫ്.**

**ജനറൽ യൂത്ത് ക്യാമ്പ്- പീച്ചി (തൃശ്ശൂർ ജില്ല)**

2015 ഒക്ടോബർ 19 വൈകിട്ട് മുതൽ 24 രാവിലെ വരെ

(പൂജാ അവധി ദിവസങ്ങളിൽ)

ക്യാമ്പ് ലീഡേഴ്സ്:

വർഗീസ് കുര്യൻ, പാമ്പാടി, റെജി കെ. തോമസ്, നെല്യാടി

ഡാനിയേൽ വർഗീസ്, പുനലൂർ

*പ്രായപരിധി: 15 വയസ്സു മുതൽ 35 വയസ്സുവരെയുള്ള സഹോദരന്മാർക്കു മാത്രം*

ക്യാമ്പ് ഫീസ്: നിശ്ചിത ഫീസില്ല. പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും സംഭാവനയായി നൽകുക

പ്രവേശനം: മുൻകൂട്ടി പേർ രജിസ്റ്റർ ചെയ്യുന്ന 200 പേർക്കു മാത്രം. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു

*രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക:*

Stanly Abraham, General Secretary Y.M.E.F.,
Kunnumpurathu House, East Kadathy,
Muvattupuzha- 686 673 Mob: 9388281162,
Email: stanly60@gmail.com

**സുവിശേഷ ധ്വനി**

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന
വൈ.എം.ഇ.എഫ്. ദ്വൈവാരിക

**2015 ജൂൺ 20**

പുസ്തകം 37, ലക്കം 47

# "നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ"

ഹബക്കൂക്കിന്റെ പ്രാർത്ഥന വളരെ ശ്രദ്ധേയമാണ്. "യഹോവേ, ആണ്ടുകൾ കഴിയും മുമ്പെ നിന്റെ പ്രവൃത്തിയെ ജീവിപ്പിക്കേണമേ" (ഹബ. 3:2). ദൈവജനത്തിന്റെ ദയനീയാവസ്ഥ കണ്ട് പ്രവാചകൻ നിലവിളിക്കുകയാണ്. ഇന്ന് കേരളത്തിലും വെളിയിലുമുള്ള ബ്രദറൺ സഭകളുടെ സ്ഥിതി എല്ലാവരുടെയും ഹൃദയങ്ങളിൽ ഭാരമുളവാക്കത്തക്കതാണ്. ഒരു കാലത്ത് ദർശനമുള്ളവരായി പല യുവാക്കന്മാരും ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലേക്ക് സുവിശേഷവുമായി കടന്നുപോയി. ആദ്യമായി കേരളത്തിനു വെളിയിലേക്ക് സുവിശേഷവേലയ്ക്കായി കടന്നു പോയ എം. ഇ. ചെറിയാൻ സാറിന്റെ ജീവിതാനുഭവങ്ങൾ ആരെയും കോരിത്തരിപ്പിക്കുന്നതാണ്. കേരളത്തിലെ ദൈവജനത്തിന്റെ സാമ്പത്തിക നിലവാരം അന്ന് താഴ്ന്ന നിലയിലായിരുന്നു. എന്നാലും വിശ്വാസനായകനേശുവെ നോക്കി നമ്മുടെ പ്രിയസഹോദരന്മാർ പലർ, കൈത്താങ്ങൽ കൊടുക്കുവാൻ വിശ്വാസികളില്ലാത്ത അയൽ സംസ്ഥാനങ്ങളിലേക്ക് കടന്നുപോയതിൽ കാണിച്ച ധീരത പ്രശംസനീയം തന്നെ. കർത്താവ് അവരുടെ അധ്വാനങ്ങളെ അനുഗ്രഹിച്ചു. അവരാരും ലജ്ജിച്ചു പോകാനിട വന്നില്ല. ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ യുവാക്കന്മാർ ആത്മികദർശനമില്ലാത്ത അവസ്ഥയിലേക്ക് താണുപോയിക്കൊണ്ടിരിക്കയല്ലേ?

"എന്റെ ആലയം ശൂന്യമായിക്കിടക്കയും നിങ്ങൾ ഓരോരുത്തനും താന്താന്റെ വീടുകളിലേക്ക് ഓടുകയും" ചെയ്യുന്നതായി ഹഗ്ഗായി കുറ്റപ്പെടുത്തുന്നു (ഹഗ്ഗാ. 1:9). ദൈവിക കാര്യങ്ങൾക്ക് വേണ്ട പ്രാധാന്യം കൊടുക്കുന്നില്ല. "ഈ ആലയം ശൂന്യമായിരിക്കേ നിങ്ങൾക്ക് തട്ടിട്ട വീടുകളിൽ പാർപ്പാൻ കാലമായോ" എന്ന് ഹഗ്ഗായി ചോദിക്കുന്നു (ഹഗ്ഗാ. 1:4). ഉത്തരഭാരത്തിലെ വേലയുടെ ആവശ്യകതയെക്കുറിച്ച് യുവാക്കന്മാർ വേണ്ടത്ര ബോധവാന്മാരായി തീരുന്നില്ല. അടുത്തയിടെ മധ്യപ്രദേശിൽ നിന്നും ഒരു ടീം ആന്ധ്ര, കർണ്ണാടക, കേരള സംസ്ഥാനങ്ങളിൽ കൂടെ സഞ്ചരിച്ച് മധ്യപ്രദേശിലേക്ക് വേലക്കാർ കടന്നുചെല്ലുവാൻ ആഹ്വാനം ചെയ്യുകയുണ്ടായി. പ്രതികരണം എന്താണെന്നറിയില്ല.

ഈ വിഷയത്തിൽ മറ്റു ഇവാൻജലിക്കൽ സഭകളിൽ ഒരുണർവ്വു തന്നെ ഉണ്ടായിരിക്കുന്നതായിട്ടാണ് കാണുന്നത്. 1980 മെയ് 1-നു തൂത്തുക്കടി കടൽതീരത്ത് ഒരുമിച്ചു കൂടി ആരംഭിച്ച പ്രവർത്തനമാണ് വിശ്വവാണിയുടേത്. ഈയിടെ തൂത്തുക്കുടിയിൽ വച്ച് 300 മിഷണറിമാരെ വയലിലേക്ക് അയക്കുവാൻ അവർ സമർപ്പിച്ചു. എന്തത്ഭുതകരമായ വളർച്ച. 26 സംസ്ഥാനങ്ങളിലായി 3304 പ്രവർത്തകർ അവർക്കുണ്ടെന്നാണ് റിപ്പോർട്ട്. സമർപ്പിക്കപ്പെട്ട 300 യുവാക്കന്മാർ അണി നിരന്നു നില്ക്കുന്ന ഫോട്ടോ അവർ പ്രസിദ്ധീകരിച്ചിരുന്നതു കാണേണ്ടതു തന്നെ. എത്രയെത്ര സഭാഹോളുകളാണ് വിശ്വവാണി എന്ന സംഘടന ഓരോ മാസവും പണിതു കൊണ്ടിരിക്കുന്നത്! വളരെ ഉത്സാഹപൂർവ്വം വടക്കേ ഇൻഡ്യയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മറ്റൊരു സംഘടനയാണ് FMPB. അവർക്കും ധാരാളം പ്രവർത്തകർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ട്. മിഷൻ ഇന്ത്യയുടെ പ്രവർത്തകരും ധാരാളമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

100 വർഷങ്ങളിലധികമായി കേരളത്തിൽ രൂപം കൊണ്ട ബ്രദറൺ സഭകൾക്കെന്തുപറ്റി? നാം ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. സുവിശേഷ വേലയ്ക്കു ഉത്തര ഭാരത്തിലേക്ക് കടന്നുപോകുന്ന യുവാക്കന്മാർ എത്ര ചുരുക്കം! ഹോളുകൾ പണിയേണ്ട അത്യാവശ്യകത പല സംസ്ഥാനങ്ങളിലുമുണ്ടെങ്കിലും അതിനു കൈത്താങ്ങൽ ചെയ്യുവാൻ വിശ്വാസികളില്ല. കർത്താവു നമ്മെ സന്ദർശിക്കട്ടെ.

"നിരനിരനിരയായ് അണിനിരന്നിടുവിൻ
കുരിശിൻ പടയാളികളെ
ജയജയജയ കാഹളമൂതീടുവിൻ
ജയവീരനാം യേശുവിന്"

എന്ന് പാടി ജാഥയായി നീങ്ങിയ കാലങ്ങൾ ഒരു പഴങ്കഥയായിമാറി.

വിക്ലിഫ് ബൈബിൾ ട്രാൻസ്ലേറ്റേഴ്സിന്റെ മിഷനറി ദമ്പതിമാർ ഒരു ആഫ്രിക്കൻ ദ്വീപിൽ പോയി പ്രവർത്തിച്ചതിന്റെ ഫലമായി അവിടുത്തെ നരഭോജികളായ മനുഷ്യർ രൂപാന്തരപ്പെട്ടു നരസ്നേഹികളായി മാറിയ ചരിത്രം ഒരു സി.ഡി.യിൽ കണ്ടത് ഹൃദയസ്പർശകമായിരുന്നു. എം.ഇ.സി. പാടിയതുപോലെ കുരിശിന്റെ നിന്ദ ചുമക്കുവാൻ ദർശനമുള്ളവരെ കർത്താവ് എഴുന്നേല്പിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

'യഹോവ യോശുവയുടെ മനസ്സും ജനത്തിൽ ശേഷിപ്പുള്ള ഏവരുടെയും മനസ്സു ഉണർത്തി; അവർ വന്ന് യഹോവയുടെ ആലയത്തിങ്കൽ വേല ചെയ്തു' എന്ന് ഹഗ്ഗായി 1:14-ൽ വായിക്കുന്നു. ആണ്ടുകൾ കഴിയുംമുമ്പേ നമ്മുടെ സഭകളിൽ ഒരു ആത്മിക ഉണർവ്വ് ഉണ്ടാകേണ്ടത് ഒരടിയന്തിരാവശ്യമാണ്. നമുക്ക് ഹൃദയഭാരത്തോടെ പ്രാർത്ഥിക്കാം. കർത്താവിന്റെ വലിയ നാമം മഹത്വപ്പെടട്ടെ.

**ഇ.ജെ. പൈലി**

◆ സഭകളിൽ ആത്മിക ഉണർവ്വ് അടിയന്തിര ആവശ്യമാണ്. ◆

---

➤ ➤

ഒരു ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു കൊണ്ടിരുന്നപ്പോൾ ഒരു വ്യക്തി ജനങ്ങളുടെ ഇടയിൽ നിന്നും മുന്നോട്ടു വന്നു ഇങ്ങനെ വലിയ ശബ്ദത്തിൽ വിളിച്ചു പറഞ്ഞു. "ഈ ഗ്രാമത്തിൽ പാപികൾ ഇല്ല." അതു കൊണ്ട് ഈ വിഷയം പ്രസംഗിക്കേണ്ട എന്ന്. അദ്ദേഹത്തോടു വ്യക്തിപരമായി സുവിശേഷം പറയുവാൻ ശ്രമിച്ചെങ്കിലും അയാൾ വഴങ്ങിയില്ല. പ്രസംഗം തുടരുവാൻ കഴിഞ്ഞില്ലെങ്കിലും ധാരാളം ട്രാക്റ്റുകൾ വിതരണം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വ്യക്തിക്കു സൗജന്യമായി ഒരു പുതിയ നിയമം കൊടുത്തതു വാങ്ങി താൻ സ്ഥലം വിട്ടു, ഞങ്ങൾ അടുത്ത ഗ്രാമത്തിലേക്കു പോയി വേലയിൽ തുടർന്നു.

ഏപ്രിൽ മാസത്തെ വേലയിൽ വാഹനത്തിന്റെ കേടുപടു തീർക്കുവാൻ 2 ദിവസം വേണ്ടി വന്നു. അതൊഴിച്ചാൽ മറ്റ് എല്ലാ ദിവസവും പ്രവർത്തിക്കുവാൻ ദൈവം ഞങ്ങളെ സഹായിച്ചു. ദൈവമക്കളുടെ പ്രാർത്ഥനയുടെ പിൻബലത്തിലാണ് ഈ പ്രവർത്തനം അനുഗ്രഹകരമായി നടക്കുവാൻ കഴിയുന്നത്. ടീമിലെ എല്ലാ അംഗങ്ങൾക്കും ശാരീരികമായി യാതൊരു ക്ലേശവും കൂടാതെ പ്രവർത്തിപ്പാൻ കർത്താവു സഹായിച്ചു. വിതരണം ചെയ്യപ്പെട്ട ട്രാക്റ്റുകൾ, ചെറുപുസ്തകങ്ങൾ പുതിയനിയമം, ബൈബിൾ ഇവ വായിക്കുന്നവർക്കും രക്ഷാനായകനെ കണ്ടുമുട്ടുവാൻ ഇടയാകേണ്ടതിനു ദൈവമക്കളുടെ പ്രാർത്ഥന ക്ഷണിക്കുന്നു. അടുത്ത മാസത്തെ പ്രവർത്തനത്തിനായി എത്തിയ സഹോദരന്മാരെ ഉത്തരവാദിത്തങ്ങൾ ഏല്പിച്ചു ഞങ്ങൾ നാട്ടിലേക്കു മടങ്ങി. തുടർന്നും ബംഗാൾ പ്രവർത്തനത്തെ പ്രാർത്ഥനയിൽ ഓർത്താലും.

ഡോ. ഒ.കെ. മർക്കോസ്

---

➤ 1-ാം പേജിൽ നിന്നും തുടർച്ച

യായിരുന്നതുപോലെ ശുശ്രൂഷകന്മാരും നല്ല മാതൃകാ ജീവിതമുള്ളവരായിരിക്കണം.

c. ശുശ്രൂഷകന്മാർ പരിജ്ഞാനമുള്ളവരും ഉപദേശിപ്പാൻ സമർത്ഥരും ആയിരിക്കണം. ഉപദേശ വിഷയങ്ങളിൽ നിപുണരായി ആടുകൾക്ക് ഉന്മേഷം പരത്തുന്ന പച്ചപ്പുൽ തകിടിയിൽ ഉത്സാഹത്തോടെ നടത്തി പരിപാലിക്കുന്നവരും, ദുരുപദേശങ്ങൾ വളർന്നുവരുന്ന ഇക്കാലത്ത് പത്ഥ്യോപദേശം പഠിപ്പിക്കുകയും വിശ്വാസികൾ വഴിതെറ്റിപ്പോകാതെ സൂക്ഷിക്കുകയും ചെയ്യുന്നവരായിരിക്കണം.

d. ശുശ്രൂഷകന്മാർ തങ്ങളെത്തന്നെയും ഉപദേശ സത്യങ്ങളെയും കാത്തു സൂക്ഷിക്കണം (1 തിമൊ. 4:16).

e. ജീവിതവിശുദ്ധി പാലിക്കണം. തിമൊഥെയൊസിന്റെ ലേഖനങ്ങളിൽ വളരെയധികം പ്രാവശ്യം വിശുദ്ധജീവിതത്തെപ്പറ്റി രേഖപ്പെടുത്തിയതായി കാണാം. ഈ രംഗത്ത് പല മഹാരഥന്മാരും വീണുപോയിട്ടുണ്ട്. അത് നമുക്ക് ഒരു റെഡ്ലൈറ്റാണ്. അപവാദികൾ നമ്മെപ്പറ്റി അപവാദങ്ങൾ പറയുവാൻ ഇടം കൊടുക്കാതെ സൂക്ഷിച്ച് നല്ല സാക്ഷ്യ ജീവിതം കാഴ്ചവെയ്ക്കുവാൻ കർത്താവ് സഹായിക്കുമാറാകട്ടെ.

**4. സഭാശുശ്രൂഷകന്മാർ ശുശ്രൂഷയിൽ**

തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവനാമ മഹത്വത്തിനായി ചെയ്യുവിൻ (1 കൊരി. 10:31). മഹാനായ പൗലോസിന്റെ മനോഭാവമാണ് ഇവിടെ വ്യക്തമാകുന്നത്. മറ്റേതിനേക്കാളും പ്രഥമവും പ്രധാനവുമായ ഒന്നാണ് ശുശ്രൂഷകന്മാർ ശുശ്രൂഷയിൽ എങ്ങനെ ആയിരിക്കണമെന്നുള്ളത്. അപ്പൊസ്തലനായ പത്രോസ് ഞങ്ങൾ ദൈവവചനം ഉപേക്ഷിച്ച് മേശകളിൽ ശുശ്രൂഷിക്കുന്നത് യോഗ്യമല്ല എന്നാണ് പറഞ്ഞത് (അപ്പൊ. 6:2-4). ശുശ്രൂഷകന്മാർ ശുശ്രൂഷകളിൽ എങ്ങനെ ആയിരിക്കണം എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. (ഞാൻ ഒരുങ്ങി വന്നു ശുശ്രൂഷിക്കാറില്ല, ആത്മാവ് തരുന്നത് പ്രസംഗിക്കും എന്നു ഒരു ശുശ്രൂഷകൻ പ്രസംഗവേദിയിൽ പറഞ്ഞപ്പോൾ കേട്ടിരുന്ന മറ്റൊരു ശുശ്രൂഷകൻ, പ്രസംഗം കേട്ടപ്പോഴെ മനസ്സിലായി എന്നു വിളിച്ചു പറഞ്ഞു.) പ്രാർത്ഥനയോടെ വചനം ധ്യാനിച്ചും പഠിച്ചും വേണം ശുശ്രൂഷ ചെയ്യുവാൻ. അപ്പൊസ്തലനായ പൗലോസ് വിട്ടുപിരിഞ്ഞ് ക്രിസ്തുവിനോടു കൂടെയായിരിക്കുന്നത് അത്യുത്തമമല്ലോ എന്നു പറഞ്ഞത് ശവസംസ്കാര ശുശ്രൂഷകളിൽ മാത്രം ഉദ്ധരിക്കേണ്ട പദം അല്ല. ശുശ്രൂഷയ്ക്ക് ആത്മ ശക്തി ലഭിക്കേണ്ടതിന് അല്പനേരം വേറിട്ടു ക്രിസ്തുവിന്റെ സന്നിധിയിൽ കാത്തിരിക്കുന്നു. കർത്താവിന്റെ മഹത്വവും തുറന്ന സ്വർഗ്ഗവും ദർശിക്കുവാൻ കഴിയേണ്ടതാണ്. യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും എന്നാണ് നാം വായിക്കുന്നത്.

കർത്താവ് ഏല്പിക്കുന്ന ഏതു ശുശ്രൂഷയും ആത്മനിറവിൽ (നിയന്ത്രണത്തിൽ) വേണം ചെയ്യുവാൻ. ഭീരുവായ പത്രോസ് ആത്മാവിൽ നിറയപ്പെട്ടപ്പോഴാണ് അധികാരത്തോടും ധൈര്യത്തോടും അധികാരികളുടെ മുഖത്തുനോക്കി പ്രസംഗിച്ചത്. (അപ്പൊ. 4:8-13). എനിക്ക് ശക്തി നൽകി ശുശ്രൂഷയ്ക്കാക്കി എന്നാണല്ലോ പൗലോസ് പറഞ്ഞ് (1 തിമൊ. 1:12). കർത്താവ് ശുശ്രൂഷയ്ക്കാക്കിയാലെ ഫലകരമായി ശുശ്രൂഷിക്കുവാൻ കഴികയുള്ളു. കർത്താവ് ശുശ്രൂഷയ്ക്ക് ആക്കാത്തവരുമുണ്ട്. അങ്ങനെയുള്ള ശുശ്രൂഷകന്മാർ നിമിത്തം എന്തെല്ലാം പൊല്ലാപ്പുകളാണുണ്ടായിക്കൊണ്ടിരിക്കുന്നത്. പരിസരബോധമില്ലാതെ ശുശ്രൂഷകൾ ചെയ്താലുണ്ടാകുന്ന ഭവിഷ്യത്ത് ചെറുതല്ല. ക്രൈസ്തവർ ഇല്ലാത്ത ഒരു കൊച്ചുഗ്രാമത്തിൽ നടന്ന പരസ്യയോഗത്തിൽ പ്രസംഗകന്റെ വിഷയം ലോത്തിന്റെ ഭാര്യ എന്നുള്ളതായിരുന്നു. ശ്രോതാക്കൾ തെറ്റിധരിച്ചാൽ തെറ്റുപറയുവാൻ പറ്റുമോ?

**5. സഭാശുശ്രൂഷകന്മാർ സമൂഹത്തിൽ**

സമൂഹം എന്നതിന് കൂട്ടം, യോഗം, സമുദായം എന്നൊക്കെ അർത്ഥമുണ്ട്. മനുഷ്യൻ സമൂഹ ജീവിയാണ്. വിശ്വാസികളും അല്ലാത്തവരുമുള്ള സമൂഹത്തിലാണ് നാം ജീവിക്കുന്നത്. സമൂഹത്തിൽ അഥവാ ലോകത്തിൽ ചുറ്റുപാടുകളിൽ മാതൃകാ ജീവിതം നയിക്കുന്നവരായിരിക്കണം. ദിനംപ്രതി സമൂഹം നമ്മെ ഉറ്റു നോക്കുന്നുണ്ട്. വളരെ സൂക്ഷ്മതയോടെ നാം പെരുമാറിയില്ലെങ്കിൽ നമുക്കൊരു വിലയും നിലയും സമൂഹത്തിൽ ഉണ്ടാകുകയില്ല. നാം എന്തു ഉപദേശിക്കുന്നുവോ എന്തു വിശ്വസിക്കുന്നുവോ, അത് നമ്മുടെ ജീവിതവുമായി പൊരുത്തപ്പെട്ടുപോകണം. നമ്മുടെ ഉപദേശവും വിശ്വാസവുമൊന്നും സമൂഹത്തിന് വിഷയമല്ല. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുന്നതിനാൽ എന്റെ ശിഷ്യന്മാർ എന്നു ലോകം അറിയും എന്നാണല്ലോ നമ്മുടെ കർത്താവ് അരുളിചെയ്തത്. നമ്മുടെ പ്രവൃത്തി കൊണ്ടാണ് സമൂഹം നമ്മെ തിരിച്ചറിയുന്നത്. അബ്രഹാം ദൈവത്തിന്റെ പ്രഭു എന്ന് വിലയിരുത്തിയത് സമൂഹത്തിലെ തന്റെ നല്ല മാതൃകാജീവിതത്തെയാണ് വെളിപ്പെടുത്തുന്നത്.

നമ്മുടെ സമൂഹത്തിൽ നടക്കുന്ന പല കാര്യങ്ങളിലും നാം സഹകരിക്കേണ്ടിവരും. വിവാഹം, മരണം എന്നിവയിലൊക്കെ നാം ഭാഗഭാക്കുകൾ ആകേണ്ടതുണ്ട്. അപ്പോൾ തന്നെ നമ്മെ കാത്തു സൂക്ഷിക്കേണ്ടതുമാണ്. ആരാധന മുടക്കി വിവാഹത്തിന് പോകുന്ന വിശ്വാസികളും ഉണ്ടെന്നാണ് അറിയുന്നത്. നമ്മെക്കുറിച്ച് സമൂഹം വേണ്ടതുപോലെ മനസ്സിലാക്കിയാൽ ആദരവോടെ, 'പള്ളിയിൽ പോയിട്ടു വന്നാൽ മതി' എന്നു അവർ പറയും. മറ്റൊരു സമയം അതിനായ് ക്രമീകരിക്കണം. ധനപരമായി ആവശ്യങ്ങളിൽ വിഷമിക്കുന്ന വിശ്വാസികൾക്കും അതുപോലെ സമൂഹത്തിലുള്ളവർക്കും സഹായസഹകരണം ചെയ്യുവാൻ മടിക്കരുത്.

ഭവനത്തിലും സഭയിലും സമൂഹത്തിലും ദേശത്തും സഭാശുശ്രൂഷകന്മാർ നല്ല സാക്ഷ്യം പുലർത്തി ജീവിക്കുവാനും ശുശ്രൂഷകളിൽ ബലപ്പെട്ടുവരുവാനും കർത്താവ് കൃപയരുളുമാറാകട്ടെ. ●

---

## മലബാർ ഡിവിഷൻ പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു...

**കോഴിക്കോട്:** വൈ.എം.ഇ.എഫ്. മലബാർ ഡിവിഷന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നു. 2015 ഏപ്രിൽ 13,14,15 തീയതികളിൽ മലബാറിലെ ആറു ജില്ലകളുടെയും താന്നിക്കൽ ബ്രദറൺ സഭയുടെയും സഹകരണത്തിൽ താന്നിക്കൽ സഭാഹാളിൽ വെച്ച് ബൈബിൾ ക്യാമ്പ് നടത്തുവാൻ ദൈവം കൃപ ചെയ്തു. ബൈബിൾ ക്ലാസ്സുകൾ കാരക്ടർ സ്റ്റഡി, ബൈബിൾ ക്വിസ്, വചനധ്യാനം, പൊതുയോഗം എന്നീ ശുശ്രൂഷകൾ അനുഗ്രഹമായി നടന്നു.

പ്രധാന ലീഡേഴ്സായി സഹോദരന്മാരായ ജോസ് മാങ്കുടി വയനാട്, റ്റി. പി. കനകരാജ് തിരുവനന്തപുരം എന്നിവർ ക്ലാസ്സുകൾ എടുത്തു. ക്യാമ്പിൽ ദൈവജനത്തിന് ആത്മീയ കൂട്ടായ്മ അനുഭവിക്കുന്നതിനും തിരുവചന സത്യങ്ങൾ കൂടുതലായി പഠിക്കുന്നതിനും അവസരമുണ്ടായി. പ്രാർത്ഥിക്കുകയും പങ്കെടുക്കുകയും സാമ്പത്തിക കൂട്ടായ്മ നൽകുകയും ചെയ്തവരെ ഓർത്ത് ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു. ദൈവജനത്തിനുള്ള നന്ദിയും അറിയിക്കുന്നു. തുടർന്നും വൈ.എം.ഇ.എഫ്. മലബാർ ഡിവിഷനെ പ്രാർത്ഥനയിൽ ഓർക്കുക.

ജിജു ജോർജ്ജ് താമരശ്ശേരി

ഗോത്രങ്ങൾ തേടി..... 104

# കൊടാക്കു

**സുരക്ഷിതത്വത്തിനു വേണ്ടി അവർ ആദ്യം ചെയ്യുന്നത് ആത്മാക്കളെ പ്രീതിപ്പെടുത്തലാണ്.**



**ജനസംഖ്യ : 1 ലക്ഷം**

**സാക്ഷരത : കുറവ്**

**തിരുവചന ലഭ്യത : തിരുവചന പരിഭാഷ ആരംഭിച്ചിരിക്കുന്നു.**

**ഓ**രോ ശതവർഷത്തിലും കൊടാക്കുവർഗ്ഗക്കാർ 'രാംദേവ്' എന്നറിയപ്പെടുന്ന അശരീരദേവതയെ പൂജിക്കുന്നതിനായി 'സയ്ല' എന്ന ഉത്സവം ആഘോഷിക്കുന്നു. ഈ സമയത്തെ ഗാനനൃത്തങ്ങൾ ഉത്സവപ്രതീതി ജനിപ്പിക്കുന്നതാണ്. ഗ്രാമത്തിലെ പൂജാരി സമയവും സന്ദർഭവും നിശ്ചയിക്കുന്നതോടെ ആഘോഷം ആരംഭിക്കുകയായി. ഇതിനു ശേഷം അതീവസൂക്ഷ്മതയോടെ തയ്യാറാക്കപ്പെട്ട ചില പരിപാടികൾ നടത്തപ്പെടുന്നു. അവരുടെ പ്രധാന ഗീതങ്ങളെല്ലാം തന്നെ ആത്മാക്കളെ ആരാധിക്കുന്നതിന് വേണ്ടിയുള്ളവയാണ്. ആത്മജ നൃത്തം ചെയ്തുകൊണ്ട് അവർ ദിവസങ്ങൾ ചെലവഴിക്കുന്നു. മിക്കപ്പോഴും അതിന്റെ അവസാനത്തിൽ ആത്മാക്കളാൽ ആവഹിക്കപ്പെട്ടതിന്റെ ലക്ഷണങ്ങൾ നൃത്തക്കാർ കാണിച്ചു തുടങ്ങും. ഇതാണ് അവരുടെ ആത്മിക ആരാധന മാത്രമല്ല, ആത്മാക്കളാൽ ആവഹിക്കപ്പെടുന്നതിനെ ഒരു പദവിയായിട്ടാണ് അവർ കാണുന്നത്.

കൊടാക്കു വർഗ്ഗക്കാർ ഛത്തിസ്ഗഡ്, ഝാർഖണ്ഡ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ എളുപ്പം എത്തിപ്പെടാനാവാത്ത വനാന്തരങ്ങളിലാണ് പ്രധാനമായും അധിവസിക്കുന്നത്. വനം അവരുടെ വീടാണെങ്കിലും അദൃശ്യശക്തികളോടും വന്യമൃഗങ്ങളോടുമുള്ള സ്ഥായിയായ ഭയം അവരെ അലട്ടുന്നു. മിക്കപ്പോഴും ഇവർ ആനകൾക്കും മറ്റു വന്യമൃഗങ്ങൾക്കും ഇരയാവുകയും, ഇവരുടെ പാർപ്പിടവും കൃഷിയും നശിപ്പിക്കപ്പെടുകയും ചെയ്യാറുണ്ട്. ആക്രമണഭയം സ്ഥിരമായി അവരിൽ വസിക്കുന്നു. സുരക്ഷിതത്വത്തിനു വേണ്ടി അവർ ആദ്യം ചെയ്യുന്നത് ആത്മാക്കളെ പ്രീതിപ്പെടുത്തലാണ്, കൂടാതെ അവർ ദൈനംദിനം ബലികളും അർപ്പിക്കുന്നു. ഓരോ ഗ്രാമത്തിലും ആക്രമണങ്ങളെ നേരിടുന്നതിനായി ഓരോ സംഘത്തെ ആക്കിയിട്ടുണ്ട്. ദേശീയ ശരാശരി സാക്ഷരതാനിരക്കിലും താഴെ 11 ശതമാനം മാത്രം സാക്ഷരതയുള്ള കൊടാക്കുകളിൽ ഭൂരിഭാഗം പേരും വിദ്യാഭ്യാസമില്ലാത്തവരാണ്.

വളരെ പ്രാർത്ഥനയുടെയും തയ്യാറെടുപ്പിന്റെയും ഫലമായി കൊടാക്കു വർഗ്ഗക്കാരുടെ ഇടയിൽ പരിഭാഷകർ താമസിച്ച് അവരുടെ ഭാഷയും സംസ്കാരവും പഠിച്ചുകൊണ്ടിരിക്കുന്നു. മാതൃഭാഷയിൽ തിരുവചനം ലഭിക്കപ്പെട്ടതും രൂപാന്തരം വന്നതുമായ ഒരു കൊടാക്കു സമൂഹമാണ് ഇവരുടെ ലക്ഷ്യം. സത്യം അവരെ ദുരാത്മാക്കളോടും അദൃശ്യശക്തികളോടും ഉള്ള ഭയത്തിൽ നിന്നും സ്വതന്ത്രരാക്കും, അത് തന്നെയാണ് കൊടാക്കുകളുടെയും പ്രതീക്ഷ.



### പ്രാർത്ഥനയ്ക്കായി

- കൊടാക്കുകളുടെ സാമൂഹിക,സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്കായും ഇപ്പോൾ നടത്തപ്പെട്ടുകൊണ്ടിരിക്കുന്ന മുതിർന്നവർക്കായുള്ള സാക്ഷരതാ പ്രവർത്തനങ്ങൾക്കും വേണ്ടി...
- കൊടാക്കു സംസ്കാര പശ്ചാത്തലത്തിൽ യേശുവിനെ കുറിച്ചുള്ള സത്യം യഥാർത്ഥമായി അവർ മനസ്സിലാക്കുന്നതിനും അവനെ പിൻപറ്റുന്നതിനുമായി...
- പരിഭാഷകർ ബലപ്പെടേണ്ടതിനും അനേക കൊടാക്കുകൾ ഈ ദൗത്യനിർവ്വഹണത്തിൽ പങ്കാളികളാകേണ്ടതിനും...
- യേശുവിനെ കാണുവാൻ തക്കവണ്ണം അവരുടെ ഹൃദയദൃഷ്ടികൾ തുറക്കപ്പെടുവാൻ കൊടാക്കുവിൽ പരിഭാഷ ചെയ്യപ്പെടുന്ന ദൈവവചനത്തിലൂടെ ഇടയാകേണ്ടതിന്...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

---

യാത്രാവിവരണം

**ജോബ് കെ. ജോസഫ്, പഴയന്നൂർപ്പാടം**

# വെളിച്ചം കൊതിക്കുന്ന കാനനങ്ങൾ

**ദൈവസൃഷ്ടിയുടെ മഹത്വം വിളിച്ചോതുന്ന പ്രകൃതിയുടെ സമ്പൽസമൃദ്ധിയിലൂടെ ഒരു യാത്ര. തികച്ചും അപരിഷ്കൃതരായ കാടിന്റെ മക്കളെ തേടി.... ഒഡീഷയുടെ വിദൂര ഗ്രാമങ്ങളിലൂടെയുള്ള ഒരു വിശേഷ യാത്രയിൽ കണ്ടതും കേട്ടതും....**




**പൗ**രാണിക ചിത്രരചനകളുറങ്ങുന്ന നാടാണ് ഒഡീഷയിലെ കലഹണ്ടി. തലയുയർത്തി നിൽക്കുന്ന മലനിരകളും പച്ചപ്പകിട്ടാർന്ന താഴ്‌വാരങ്ങളും ഈ നാടിനു ഭംഗിയേകുന്നു. ആദിവാസി സമൂഹത്തിന് പ്രാതിനിധ്യം ഉള്ള ഒരു ജില്ലയാണ് കലഹണ്ടി. ഈ ജില്ലയുടെ വനാന്തരങ്ങൾ ഇരുമ്പ്, വിലയേറിയ കല്ല് എന്നിവയാൽ സമ്പന്നമാണ്. ജില്ലയുടെ തലസ്ഥാന നഗരിയാണ് ഭവാനിപ്പട്ടണം. വിദ്യാഭ്യാസം, ആരോഗ്യം, ക്രമസമാധാനപാലനം എന്നീ തലങ്ങളിൽ പുരോഗതി ഇനിയും കൈവന്നിട്ടില്ല. സൈക്കിൾ റിക്ഷകളും, ഉന്തുവണ്ടികളും ധാരാളമായി ഇവിടങ്ങളിൽ കാണാം.

തെല്ല് അത്ഭുതവും ഞെട്ടലും ഉളവാക്കുന്ന കാഴ്ചയായിരുന്നു ഓരോ തെരുക്കോണിലും കാണപ്പെട്ട മനോരോഗികൾ. വഴിയോരങ്ങളിൽ വളരെയധികം അമ്പലങ്ങളും ഉണ്ട്. ചുരുക്കം മുസ്ലീങ്ങളും വളരെ ചെറിയ കൂട്ടം നാമധേയ ക്രിസ്ത്യാനികളും ഈ പട്ടണത്തിലുണ്ട്. ഭവാനിപട്ടണത്തിൽനിന്നും ഏകദേശം നൂറ്റി അൻപത് മൈലുകൾ വനത്തിലൂടെ യാത്ര ചെയ്ത് നാല്പത്തിയഞ്ചോളം ഗ്രാമങ്ങൾ സന്ദർശിക്കുവാൻ ഇടവന്നു. തൊമുൾറാംപൂർ എന്ന ബ്ലോക്കിലെ കോർപ്പാട്, കണിഗുമ എന്നീ പഞ്ചായത്തുകളിലാണ് പോയത്.

ദൈവസൃഷ്ടിയുടെ മഹത്വം വിളിച്ചോതുന്ന പ്രകൃതിയുടെ സമ്പൽസമൃദ്ധിയിലൂടെ ഒരു യാത്ര. തികച്ചും അപരിഷ്കൃതരായ കാടിന്റെ മക്കളെ തേടി. മലമുകളിലും താഴ്‌വരകളിലുമാണ് ഇവരുടെ വാസം. അപരിചിതരെ കണ്ടാൽ ഓടിയൊളിക്കുന്ന, അമ്പും വില്ലും ഉപയോഗിച്ചും, കുടിൽ കെട്ടിയും, പെരുമ്പാമ്പിനെ വരെ കാട്ടിൽ... മുഴക്കിയും കാടുവെട്ടിത്തെളിച്ച് ഭക്ഷണത്തിനുവേണ്ടി അഹോരാത്രം അധ്വാനിക്കുകയും ചെയ്യുന്ന ഒരു കൂട്ടം മനുഷ്യരെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടാകും. അതെ, ഇതു തികച്ചും അത്ഭുതാവഹമായ ഒരു ലോകം. പ്രകൃതിയെ സ്നേഹിച്ചും കായ്കനികൾ തിന്നും ചിലപ്പോൾ ക്ഷുഭിതയായ പ്രകൃതിയുടെ രോഷം സഹിച്ചും ജീവിക്കുന്നവർ.

### വ്യത്യസ്ത ജീവിതചര്യകൾ

പരമ്പരാഗതമായ രീതിയിലുള്ള കൃഷിയും, നായാട്ടും, പ്രകൃതി കനിഞ്ഞ് നല്കുന്ന ഫലവർഗ്ഗങ്ങളുമാണ് ഇവരുടെ ജീവനെ നിലനിർത്തുന്നത്. കഠിനാധ്വാനികളാണ് ഇക്കൂട്ടർ. കൃഷിക്ക് ആവശ്യമായ ഭൂമി കൂടുവെട്ടിത്തെളിച്ച് വിളയിറക്കും. കുഞ്ഞുകുട്ടികൾ മുതൽ പ്രായമായവർവരെ പാടത്തും, മലഞ്ചെരുവിലും പണിയെടുക്കും. പശു, ആട്, കാള എന്നിവയെ പരിപാലിക്കുന്നതും ഇവരുടെ പ്രധാന ജോലികളിലൊന്നാണ്. പക്ഷെ ഇക്കൂട്ടർക്ക് വളർത്തുമൃഗങ്ങളെ കൊല്ലുന്നതിനോടും, ക്ഷീരോൽപ്പാദനത്തോടും എതിർപ്പാണ്. പശുവിൻ പാൽ കറന്നെടുക്കുന്നത് മോഷണ കുറ്റമാണെന്നും അത് പശുക്കിടാങ്ങൾക്ക് മാത്രമാണെന്നും ഈ കൂട്ടർ പറയുന്നു. ഇവിടെയുള്ള സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതൽ കഠിനാധ്വാനം ചെയ്യും. വേനൽക്കാലത്ത് ധാരാളമായി ലഭിക്കുന്ന വിവിധതരത്തിലുള്ള മാമ്പഴങ്ങൾ പറിച്ചെടുത്ത് ചാറാക്കി ഉണക്കി സൂക്ഷിക്കും. ഇതാണത്രേ മഴക്കാലത്ത് ഇവരുടെ പ്രമുഖ ഭക്ഷണം. പകലന്തിയോളം പണിയെടുത്ത് വീട്ടിലെത്തുന്ന ഇവർ അമിതമായി മദ്യം കഴിക്കും. മൊഹുൾ എന്നറിയപ്പെടുന്ന മരത്തിന്റെ കായ് വാറ്റിയെടുക്കുന്ന ചാരായം പ്രായഭേദമെന്യേ കഴിക്കും.

വളരെ ചെറുപ്രായത്തിൽ തന്നെ പെൺകുട്ടികൾ വിവാഹിതർ ആകുന്നത് മാതൃശിശുമരണ നിരക്കുകൾ ക്രമാതീതമായി ഉയർത്തുന്നു. ഇവരുടെ വ്യത്യസ്ത ആചാരങ്ങളിലൊന്നാണ് പ്രസവം അടുത്ത സ്ത്രീകളെ ഒറ്റയ്ക്ക് ഇരുട്ടുമുറിയിൽ അടയ്ച്ചിടുക എന്നത്. സ്ത്രീ തന്നെത്താൻ കുഞ്ഞിനെ പ്രസവിച്ച ശേഷം കത്തിയെടുത്ത് പൊക്കിൾ കൊടി ബന്ധം മുറിച്ചുമാറ്റി തന്നെത്താൻ വൃത്തിയാക്കിയ ശേഷം മാത്രമെ വീടിനുള്ളിൽ പ്രവേശിക്കൂ. പ്രസവം മലിനമായതാണെന്നും അത്

☞





വന്ന വഴികൾ - 25

ഇ.ജെ. പൈലി, അങ്കമാലി


# അനന്തനാഗിലെ മുസ്ലീങ്ങളോട് സുവിശേഷം

**മുസ്ലീം സ്ത്രീകൾ മാത്രം കിടന്നിരുന്ന ഒരു വാർഡുണ്ടായിരുന്നു. അവിടേയ്ക്ക് പുരുഷന്മാർക്ക് പ്രവേശനമില്ല. എന്നാൽ ഞങ്ങൾക്ക് രണ്ടുപേർക്കു മാത്രം അകത്തുകടന്ന് സുവിശേഷം അറിയിക്കുവാൻ അനുവാദം തന്നു.**

**1966** ജൂൺ 20. ശ്രീനഗറിൽ നിന്നും അല്പം അകലെ അനന്തനാഗ് എന്ന ജില്ലാ ആസ്ഥാനത്തേക്ക് ഞങ്ങൾ കടന്നുപോയി. അവിടെയുള്ള മിഷൻ ആശുപത്രിക്കു മുമ്പിൽ നിന്ന് ഒരു പരസ്യയോഗം നടത്തി. അപ്പോൾ അവിടുത്തെ ലേഡി ഡോക്ടർ വന്ന് ഞങ്ങളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. വിദേശമിഷനറിമാർ ഈ വിദൂരദേശത്ത് നല്ല നിലയിൽ നടത്തുന്ന ഒരാശുപത്രി. അതിന്റെ നടത്തിപ്പുകാരായ അമേരിക്കൻ മിഷനറി വനിതകളുമായി അല്പസമയം ചെലവഴിച്ചത് വളരെ സന്തോഷപ്രദമായിരുന്നു. ക്രിസ്തുവിന്റെ സ്നേഹത്താൽ നിർബന്ധിതരായി പതിനായിരക്കണക്കിനു മൈലുകൾ താണ്ടി സേവനം നടത്തുന്ന ധീരവനിതകൾ. മുസ്ലീം സ്ത്രീകൾ മാത്രം കിടന്നിരുന്ന ഒരു വാർഡുണ്ടായിരുന്നു. അവിടേയ്ക്ക് പുരുഷന്മാർക്ക് പ്രവേശനമില്ല. എന്നാൽ ഞങ്ങൾക്ക് രണ്ടു പേർക്കു മാത്രം അകത്തുകടന്ന് സുവിശേഷം അറിയിക്കുവാൻ അനുവാദം തന്നു. ഞാൻ ഇംഗ്ലീഷിൽ പ്രസംഗിക്കുകയും വേറൊരു സഹോദരൻ കാശ്മീരി ഭാഷയിലേക്കു തർജ്ജമ ചെയ്യുകയുമായിരുന്നു. ഈ യാത്രയിൽ ആദ്യമായിട്ടാണ് കാശ്മീരിഭാഷയിലേക്ക് പരിഭാഷ ചെയ്യുന്നത്. മുസ്ലീം സ്ത്രീകളായതുകൊണ്ട് കാശ്മീരി ഭാഷയിൽ അറിയിച്ചെങ്കിലേ അവർക്കു മനസ്സിലാവുകയുള്ളു. മറ്റു നിലയിൽ സുവിശേഷവുമായി സമീപിക്കുവാൻ സാധ്യതകളില്ലാത്ത ഈ സ്ത്രീകളോട് ക്രിസ്തുവിന്റെ സ്നേഹത്തേക്കുറിച്ചറിയിപ്പാൻ ലഭിച്ച ഈ സന്ദർഭത്തെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. അവരിൽ ചിലരുടെ മാനസാന്തരത്തിന് അതു മുഖാന്തരമായി തീർന്നെങ്കിൽ! ശ്രീനഗറിൽ താമസിച്ചുകൊണ്ട്, സോപ്പൂർ, ബണ്ടിപ്പൂർ എന്നീ സ്ഥലങ്ങളും സന്ദർശിക്കുവാനും സുവിശേഷപ്രസംഗങ്ങൾ പരസ്യസ്ഥലത്തു നടത്തുവാനും പുസ്തക വില്പന നടത്തുവാനും കർത്താവു സഹായിച്ചു.

1966 ജൂൺ 25. ശ്രീനഗറിലെ താമസത്തിന്റെ ഒടുവിലത്തെ ദിവസം. സ്കൂൾ പ്രിൻസിപ്പൽ മി. ജോൺ റേയെ ഞങ്ങൾ കാപ്പിക്കു ക്ഷണിച്ചു. ചെയ്തു തന്ന സൗകര്യങ്ങൾക്ക് നന്ദി അറിയിച്ചു. മടക്കയാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്തു.

27 ദിവസം ഞങ്ങൾക്ക് കാശ്മീരിന്റെ വിവിധ പ്രദേശങ്ങളിൽ സുവിശേഷസാക്ഷ്യം നിർവ്വഹിപ്പാൻ കർത്താവു ബലപ്പെടുത്തി. എളിയവർക്ക് ഈ വലിയ പദവി നല്കിയ ദൈവത്തെ സ്തുതിക്കുന്നു. ആയിരത്തോളം രൂപയ്ക്കുള്ള പുസ്തകങ്ങൾ വിറ്റഴിക്കാനിടയായി. സുവിശേഷപ്രതി വെറും പത്തു പൈസയ്ക്കു വില്ക്കുന്ന കാലമായിരുന്നു. ഉറുദു സുവിശേഷപ്രതികളെല്ലാം ചെലവായി.



ഉറുദു, ഹിന്ദി, ഇംഗ്ലീഷ്, പുതിയ നിയമങ്ങളും ഇംഗ്ലീഷ് ബൈബിളുകളും എല്ലാം വിറ്റഴിച്ചു. ദൈവത്തിനു സ്തോത്രം. ദൈവിക പ്രേരണയനുസരിച്ച് അന്നു കടന്നുപോയതുകൊണ്ട് ഇത്രയും പ്രവർത്തിപ്പാൻ സാധിച്ചു. ഇന്നാണെങ്കിലോ? സ്ഥിതിഗതികൾ എത്രയോ വ്യത്യസ്തമായി! ഇന്ന് കാശ്മീരിൽ മിക്കപ്പോഴും തീവ്രവാദികളുടെ ഭീഷണിയാണ്. തീവ്രവാദികളുടെ ആക്രമണങ്ങളും ഇടയ്ക്കിടെ നടക്കുന്നു. അതുകൊണ്ടാണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്: "ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ" (എഫെ. 5:16). Buy up opportunities എന്നാണ് ഇംഗ്ലീഷിൽ പറഞ്ഞിരിക്കുന്നത്. യുവാക്കന്മാരേ, നിങ്ങൾ സുവിശേഷീകരണത്തിനായി സമയം തക്കത്തിൽ ഉപയോഗിക്കുന്നുണ്ടോ? ഞങ്ങൾ താമസിച്ച സ്കൂളിലെ അധ്യാപകൻ ചന്ദ്ര പണ്ഡിറ്റ് ഞങ്ങളോട് ഇനിയും കടന്നുവരണമെന്നും താമസസൗകര്യം നൽകാമെന്നും പറഞ്ഞു. പക്ഷേ, ഞങ്ങൾക്കു അതിനു കഴിഞ്ഞില്ല. അന്നത്തെ ടീമിൽ ഉണ്ടായിരുന്നവരിൽ രണ്ടുപേരെങ്കിലും പ്രതിഫലം പ്രാപിക്കുവാൻ കർത്തൃസന്നിധിയിൽ പ്രവേശിച്ചു.

49 വർഷം മുൻപ് 1966 ജൂൺ 26 -നു മടക്കയാത്ര ആരംഭിക്കുകയായി. പത്താൻകോട്ട് വരെ ബസ്സിലായിരുന്നു യാത്ര. അവിടെ നിന്നും ഡൽഹിയിലേക്കു ട്രെയിനിലും. ട്രെയിനിൽ വലിയ തിരക്കായിരുന്നു. കാശ്മീരിൽ കർത്താവിനെ സ്വീകരിച്ച ഭരത് ഭൂഷണോട് ഞങ്ങൾ പത്താൻകോട്ട് വച്ച് യാത്ര പറഞ്ഞു. കാശ്മീരി പണ്ഡിറ്റ് എന്ന് പത്രങ്ങളിൽ കാണുന്ന വിഭാഗത്തിൽപെട്ടയാളാണ് താൻ. ട്രെയിനിൽ ആളുകൾ ഇടിച്ചു കയറുകയായിരുന്നു. ഡൽഹിവരെയുള്ള രാത്രിയാത്ര ഒരു പ്രത്യേക അനുഭവം തന്നെ. മാർഗ്ഗമധ്യെ ഞങ്ങളെ കാണാൻ റെയിൽവേ സ്റ്റേഷനിൽ വന്ന സഹോദരന്മാരെ കാണാൻ കൂടെ സാധിച്ചില്ല എന്നു പറഞ്ഞാൽ യാത്രയുടെ ഭീകരത ഊഹിക്കാമല്ലോ.

പ്രഭാതത്തിൽ അഞ്ചു മണിയോടെ ഞങ്ങൾ ഡൽഹിയിൽ എത്തി. അവിടെ സഹോദരൻ പി. എൻ. കുര്യനെ വീട്ടിൽ പോയി കണ്ട് കണക്കുകൾ തീർക്കുവാൻ ഞാനും പി.എക്സ്. ജോർജ്ജും കൂടെ പോയി. തലേ ദിവസത്തെ യാത്രാ ദുരിതം ഓർത്തപ്പോൾ റിസർവേഷനില്ലാതെ ഇനി എങ്ങനെ 3 ദിവസങ്ങൾ മദ്രാസ് വരെ യാത്ര ചെയ്യും എന്നു ഭാരപ്പെട്ടു. തുടർന്നുള്ള യാത്രാക്ഷേമത്തിനു വേണ്ടി ടീമംഗങ്ങളായ ഞങ്ങൾ നാലുപേരും സ്റ്റേഷൻ പ്ലാറ്റ്ഫോമിൽ വട്ടമിരുന്നു പ്രാർത്ഥിച്ചു. സ്വർഗ്ഗീയരാജാവിന്റെ വീരഭടന്മാരുടെ തുടർന്നുള്ള യാത്രയേപ്പറ്റി അടുത്ത ലക്കത്തിൽ.



## ☞ യാത്രാവിവരണം

മറ്റുള്ളവരെ മലിനമാക്കാതിരിക്കാനാണ് ഈ ആചാരമെന്നും അവർ പറയുന്നു. എന്നിട്ടും ഈ സ്ത്രീകൾ പത്താം ദിവസം കൈകുഞ്ഞുങ്ങളെ മാറിൽ കെട്ടിയിട്ട് പാടത്ത് പണിയെടുക്കുവാൻ പോകും!

**അനാരോഗ്യത്തിന്റെ ദീനരോദനം...**

പട്ടിണി പോഷകക്കുറവിലേക്കും, വൃത്തിഹീനമായ ജീവിതം മേൽതൊട്ട് അടിയോളം ചൊറി ബാധയിലേക്കും, അമിതമായ മദ്യപാനം കൾ സംബന്ധമായ രോഗങ്ങളിലേക്കും നയിക്കുന്നു. ഇതു കൂടാതെ മലേറിയ, കോളറ, കുഷ്ഠരോഗം, പ്രസവ സംബന്ധമായ പ്രശ്നങ്ങൾ എന്നിവ ഇവരുടെ ഇടയിൽ ധാരാളമായി കാണാം. എന്തെങ്കിലും രോഗം ബാധിച്ചാൽ അപ്പോൾ തന്നെ പൂജാരിയെ വിളിച്ചു വരുത്തും. മന്ത്രവാദങ്ങൾ പരീക്ഷിക്കും ഒടുവിൽ രോഗി മരിക്കുന്നു. മരണം ഇവർക്ക് നിത്യ സംഭവമായി മാറി. സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നില്ല. ഒരു ആതുര സേവന സംഘടനമാത്രമാണ് ആരോഗ്യരംഗത്ത് ഇവിടെ സജീവം. പക്ഷെ ഇവരുടെ അന്ധവിശ്വാസങ്ങൾ പല സേവനങ്ങൾ സ്വീകരിക്കുന്നതിനും തടസ്സം നില്ക്കുന്നു. മദ്യപാനം കുടുംബ വഴക്കുകളിലേക്കും കൊലപാതകങ്ങളിലേക്കും നയിക്കുന്നു.

**വിദ്യാഭ്യാസം- ചിറകറ്റ കിനാവുകൾ...**

നമ്മുടെ ഭാരതത്തിൽ വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കിയിട്ടും സ്കൂളും പരിസരവും അന്യമാണ് ഈ ഗ്രാമവാസികൾക്ക്. പല സ്ഥലങ്ങളിലും സ്കൂൾ കെട്ടിടങ്ങളുണ്ടെങ്കിലും അടഞ്ഞുകിടക്കും. ചില ഗ്രാമങ്ങളിൽ പശുവിനും, ആടിനുമുള്ള കിടപ്പാടമാണ് സ്കൂൾ കെട്ടിടങ്ങൾ. സ്കൂളിലേക്ക് ഉള്ള ദുർഘടമായ വഴിയും, വിദ്യാഭ്യാസത്തെപ്പറ്റി കൃത്യമായ അറിവില്ലാത്തതും അധ്യാപകരുടെ അനാസ്ഥയും, ബാലവേലയും, വീട്ടുകാരുടെ പിൻതുണ ഇല്ലാത്തതും, കാലാവസ്ഥ വ്യതിയാനവും അവരുടെ മക്കളുടെ പഠനത്തെ സാരമായി ബാധിക്കുന്നു എന്ന് ഗ്രാമവാസികൾ പറയുന്നു.

സാധാരണയായി പെൺകുട്ടികളെ സ്കൂളിൽ വിടാൻ ഇവരത്ര തല്പരർ അല്ല. പോകുന്ന കുട്ടികളെ ഒരു ക്ലാസിൽ നിന്നും മറ്റു ക്ലാസ്സുകളിലേക്ക് വെറുതെ ജയിപ്പിച്ച് വിടും. ഒരു കുട്ടിയോട് ഞാൻ ചോദിച്ചു, "മോനേ എത്രാം ക്ലാസിലാ പഠിക്കുന്നേ?" അവൻ തെല്ലു മന്ദഹാസത്തോടെ പറഞ്ഞു: "ടീച്ചറോട് ചോദിക്കണം എനിക്കറിയില്ല." അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന മറ്റൊരു കുട്ടിയോട് ഒഡിയയിൽ തന്റെ പേരെഴുതുവാൻ ആവശ്യപ്പെട്ടപ്പോൾ എഴുതാൻ അറിയില്ല. ഇവരെല്ലാം സ്കൂൾ യൂണിഫോം ഇട്ടു പാടത്ത് പണിയെടുക്കുവാൻ പോകും. ഈ കുട്ടികൾ എന്തേ പഠിക്കാത്തത് എന്ന് സ്കൂൾ സെക്രട്ടറിയോട് ചോദിച്ചാൽ അവർ പറയും, "ടീച്ചർ വരില്ല..." അതെങ്ങനാ അവർ വരുന്നത്; ടീച്ചർ നൂറ്റി ഇരുപത് മൈലുകൾ അകലെ ഒരു പട്ടണത്തിലാണത്രേ താമസിക്കുന്നത്!

**അന്ധതയുടെ ആത്മികത...**

പുരാതന ദേവതയാണ് ഇവരുടെ പ്രധാന ദൈവം. കൂടാതെ ഈ കൂട്ടർ പ്രകൃതിയെയും ആരാധിക്കും. മുടി നീട്ടി വളർത്തിയ പൂജാരി ഓരോ ഗ്രാമത്തിലും ഉണ്ടാകും. ഈ അടുത്ത കാലത്തുവരെ അവരുടെ ദേവതയ്ക്ക് പെൺകുട്ടികളെ യാഗമായി (നരബലി) അർപ്പിക്കുമായിരുന്നു. ഇപ്പോൾ അതിനു ചെറിയ മാറ്റം വരുത്തി, ആടിനെ യാഗമായി അർപ്പിക്കും. ഇവർക്കും വേണ്ടി യാഗമായ ദൈവകുഞ്ഞാടിനെ ഇന്നും ഇവർക്കറിയില്ല.

ഇവിടുത്തെ നാല്പത്തിയഞ്ച് ഗ്രാമങ്ങളിൽ ഒരെണ്ണത്തിൽ ഉള്ളവർ മാത്രം ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്നു. പക്ഷെ അവർക്ക് ആരാധനാലയം ഇല്ല. ക്രിസ്തുവിനെ അറിയില്ല. അവരുടെ ഭാഷയിലെ ബൈബിൾ അവർക്ക് കിട്ടിയിട്ടില്ല. സുവിശേഷം കേട്ടിട്ടില്ലാത്ത ഇവർക്കുവേണ്ടി ആർ പോകും? ഒരു കാര്യം ഉറപ്പ്, സുവിശേഷ വെളിച്ചം കടന്നു ചെല്ലാതെ ഇവരുടെ ഈ ദുഃസ്ഥിതിക്ക് മാറ്റം വരില്ല. നമുക്കു പ്രാർത്ഥിക്കാം.

●

## ഗാനം

# ഏകരക്ഷാമാർഗ്ഗം

ഒ.എസ്. ചന്ദ്രൻ, പൈങ്ങോട്ടൂർ

*(എൻ മനസുയരുന്നഹോ നന്മയേറും വചനത്താൽ.... എന്ന രീതി)*

ഏക രക്ഷാമാർഗ്ഗം മൂലം
സത്യസഭയിൽ വന്നു
ത്രീയേക ദൈവത്തെ നാം- ഒരുമിച്ചു
പാടി വാഴ്ത്തി സ്തുതിച്ചിടുന്നു.... (ഏക....)
    ദേഹമെന്ന തിരശ്ശീല
    ക്രൂശിൽ ചീന്തി കർത്തനീശോ (2)
    ജീവനുള്ള പുതുവഴിയും- തുറന്നു തന്നു
    താതനവൻ ചാരെ വരുവാൻ (ഏക....)
നിത്യ ജീവൻ പ്രാപിപ്പാനായി
സത്യ സുവിശേഷത്താലെ
നിത്യനാം പരിശുദ്ധാത്മാവിനെ- ഹൃദയത്തിൽ
മുദ്രണം ചെയ്തിടുമവൻ (ഏക...)
    വാനമേഘങ്ങളെ താണ്ടി
    ഗംഭീര നാദത്തോടെ (2)
    കാഹള ശബ്ദത്താലവൻ- വിളിച്ചണയ്ക്കും
    കാന്തനാകും തന്റെ സഭയെ..... (ഏക....)
മന്നിലെ ദുരിതമെല്ലാം
അന്നുമാറും തൻ മക്കൾക്ക് (2)
കണ്ണിമെയ്ക്കും ഞൊടിയിടയിൽ- രൂപാന്തരം
പ്രാപിക്കും അവന്റെ കാന്തയും..... (ഏക...)

# ഇനിയും നിലയ്ക്കാത്ത ശബ്ദം

**ടെലിവിഷൻ എന്ന മഹാത്ഭുതം, ചരിത്രത്തിൽ ആദ്യമായി കണ്ണു തുറന്നതും, ലോകത്തിന്റെ കണ്ണും കാതും കവർന്നെടുത്തതും 1927 ലായിരുന്നു. ആശയവിനിമയരംഗത്തെ ഒരു മഹാത്ഭുതമായിരുന്നു അത്.**

**കേരളത്തിലെ എന്നല്ല, ലോകമാസകലമുള്ള ബ്രദറൺ സമൂഹത്തിന്റെ കണ്ണും കാതും മനസും ഒരുപോലെ, പിൽക്കാലത്ത് കവർന്നെടുത്ത ഒരു വലിയ മനുഷ്യൻ കണ്ണു കീറിയതും അതേ നാളുകളിൽ തന്നെയായിരുന്നു. ക്രിസ്തീയ ആശയവിനിമയരംഗത്തെ ഒരു മഹത്വ്യക്തിത്വമായിരുന്നു എം.എം.**



*ബ്രദറൺ സമൂഹത്തിന് ഏഴ് പതിറ്റാണ്ടോളം സമുന്നത ആത്മിക നേതൃത്വം നൽകി, ഇക്കഴിഞ്ഞ ജൂൺ 5-ന് വിടവാങ്ങിയ സുവിശേഷകൻ എം. എം. സഖറിയയുമായി* **ജോർജ്ജ് കോശി മൈലപ്ര** *ഒരു വർഷം മുമ്പ് നടത്തിയ അഭിമുഖ സംഭാഷണത്തിൽ നിന്നും തയ്യാറാക്കിയത്.*

**1927** നവംബർ 28 നാണ് മാമ്മൂട്ടിൽ മാണി സഖറിയയുടെ ജനനം. പുതുപ്പള്ളിയിലെ പുരാതന യാക്കോബായ കുടുംബമായിരുന്നു മാമ്മൂട്ടിൽ കുടുംബം.

മാത്തൻ മാണി എന്ന കുട്ടിയച്ചന്റെയും അന്നമ്മയുടെയും മൂത്ത മകനായി ജനിച്ച കറിയാച്ചൻ, അങ്ങനെയായിരുന്നു ബാല്യത്തിലെ വിളിപ്പേര്, രണ്ടര വയസ് പ്രായമായപ്പോൾ, മാതാപിതാക്കന്മാരോടൊപ്പം കാനത്തേക്ക് താമസം മാറി. കൃഷിയിലും ബിസിനസിലും വ്യാപൃതനായിരുന്നു പിതാവ്. പുതുപ്പള്ളിയിലെ സ്ഥലം വിറ്റിട്ടാണ്, കൂടുതൽ വിശാലമായ മേച്ചിൽപുറം തേടി ആ കുടുംബം കാനത്തിൽ എത്തിയത്.

കൊച്ചു കറിയാച്ചൻ പതിന്നാലാം മൈലിലെ വിദ്യാലയത്തിൽ ആദ്യാക്ഷരങ്ങൾ കുറിക്കുവാൻ ഒന്നാം ക്ലാസിൽ ചേർന്നതോടെ, അനേകം ദശാബ്ദങ്ങൾ ദീർഘിച്ച അറിവന്വേഷണത്തിന് തുടക്കം കുറിക്കപ്പെട്ടു. ഏതാനും വർഷങ്ങൾക്കുശേഷം അപ്പന് ഒരു മോഹം, സ്വന്തനാടായ പുതുപ്പള്ളിയിലേക്ക് മടങ്ങിവരണമെന്ന്.

അങ്ങനെ കാനത്തിലെ വസ്തുവും വീടും വിറ്റു. പക്ഷെ രണ്ടാം ലോകമഹായുദ്ധം പെട്ടെന്ന് പൊട്ടിപ്പുറപ്പെട്ടതോടെ കാര്യങ്ങളെല്ലാം കുഴഞ്ഞുമറിഞ്ഞു. വസ്തുവിന്റെയെല്ലാം വിലകൂടി. ക്രയവിക്രയങ്ങളൊക്കെ മുടങ്ങി. ചുരുക്കത്തിൽ പുതുപ്പള്ളിയിൽ വസ്തു വാങ്ങാനായില്ല. അങ്ങനെ മടങ്ങി കാനത്തിലെ എഴുത്തുകല്ലിൽ വയൽ എന്ന സ്ഥലത്ത് തിരികെയെത്തി. അവിടെ വാങ്ങിയ പുരയിടത്തിൽ, വിവിധതരം കാർഷിക, നാണ്യവിളകൾ ഉണ്ടായിരുന്നു. ആ കുടുംബം അങ്ങനെ കാർഷികവൃത്തിയിൽ നേട്ടം കൊയ്തു മുന്നേറി.

ബാല്യകാലത്ത് മാതാപിതാക്കൾ യാക്കോബായ സഭാംഗങ്ങളായിരുന്നെങ്കിലും അവർ ദൈവം ഉള്ളവരും വളരെ ദൈവഭക്തിയുള്ളവരും പ്രാർത്ഥനയിലും വേദപുസ്തക വായനയിലും കൃത്യനിഷ്ഠയുള്ളവരും ആയിരുന്നു. ആ സാഹചര്യത്തിലാണ് എം.എം വളർന്നത്. അങ്ങനെ 6-7 വയസായപ്പോൾ എങ്ങനെയോ തന്റെ വല്യപ്പച്ചൻ മധ്യവയസ്ക്കൻ ആയിരിക്കുമ്പോൾ

തന്നെ മരിച്ചുപോയി എന്നുള്ള വിവരം എം.എം മനസ്സിലാക്കുവാൻ ഇടയായി. അതേപ്പറ്റി മാതാപിതാക്കളോട് കൂടുതൽ ചോദിക്കുവാനും മരണത്തേപ്പറ്റിയും മരണാനന്തര അവസ്ഥയേപ്പറ്റിയും വിശദമായി അറിയുവാനും ശ്രമിച്ചു തുടങ്ങി. തന്റെ അന്വേഷണങ്ങൾക്ക് മറുപടിയായി, എല്ലാ മനുഷ്യരും ഒരിക്കൽ മരിച്ചുപോകുമെന്നും എന്നാൽ ദൈവഭക്തിയോടുകൂടി ജീവിക്കുന്നവർ മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമെന്നും ദുഷ്ടന്മാർ നരകത്തിൽ പോകുമെന്നും മറ്റും അവരുടെ അന്നത്തെ പരിജ്ഞാനത്തിനനുസരിച്ച് മകനെ ബോധവാനാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു.

**പുറമേ ക്രിസ്തുമതഭക്തിയും ആചാരാനുഷ്ഠാനങ്ങളും ഒരു വശത്തും മറുവശത്ത് വിജാതീയരുടെ വ്യാജവിശ്വാസങ്ങളും കർമ്മാനുഷ്ഠാനങ്ങളും പുലർത്തിപ്പോരുന്ന നാമധേയ ക്രൈസ്തവർ അവരുടെ മക്കളുടെ ഹൃദയങ്ങളിൽ വിഷവിത്ത് വിതയ്ക്കുകയാണ് ചെയ്യുന്നത്.**

തുടർന്ന് തനിക്ക് എട്ട് വയസ്സ് പ്രായമായപ്പോൾ, തന്നെ വളരെ ദുഃഖിതനാക്കി തീർത്ത മറ്റൊരു കാര്യം കൂടെ കേൾക്കുവാൻ ഇട വന്നു. മാതാവിന്റെ പിതാവ് ദേശത്ത് മാന്യനും ഒരദ്ധ്യാപകനും ഇടവക പള്ളിയിലെ പ്രമുഖരിൽ ഒരാളും വലിയ പള്ളിഭക്തനുമായിരുന്നു. അപ്പോൾ തന്നെ അദ്ദേഹം സമുദായത്തോട് ബന്ധപ്പെട്ട പലപല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുറുകെ പിടിച്ചുകൊണ്ടുമിരുന്നു. അതിനു പുറമേ, ജാതീയമായ പല ദുരാചാരങ്ങളും മൂഢവിശ്വാസങ്ങളും സ്വീകരിക്കുകയും ചെയ്തു.

രാനുഷ്ഠാനങ്ങളും ഒരു വശത്തും മറുവശത്ത് വിജാതീയരുടെ വ്യാജവിശ്വാസങ്ങളും കർമ്മാനുഷ്ഠാനങ്ങളും പുലർത്തിപ്പോരുന്ന നാമധേയ ക്രൈസ്തവർ അവരുടെ മക്കളുടെ ഹൃദയങ്ങളിൽ വിഷവിത്ത് വിതയ്ക്കുകയാണ് ചെയ്യുന്നത്.

എന്നാൽ ഭാഗ്യവശാൽ ഒട്ടും താമസിയാതെ തന്നെ മൂഢമായ ജാതകകാലത്തേപ്പറ്റിയുള്ള ഭീതിയിൽ നിന്ന് വിടുതൽ നേടി സർവ്വശക്തിയുള്ള ദൈവത്തിൽ ശരണപ്പെട്ടു മുമ്പോട്ടു പോകുവാൻ കൃപ ലഭിച്ചു. മാതാവും അധൈര്യപ്പെടുകയോ ചഞ്ചലപ്പെടുകയോ ചെയ്യാതെ കർത്താവിൽ ശരണപ്പെടുകയാണ് ചെയ്തത്. പിന്നീട് അമ്മ 81-ാം വയസ്സിലാണ് കടന്നുപോയത്. ദൈവകൃപയാൽ മേൽപറഞ്ഞ ശൈശവകാലത്തെ അനുഭവങ്ങളും സാഹചര്യങ്ങളും ചെറുപ്പത്തിൽ തന്നെ ദൈവവഴികളിലേക്ക് തിരിയുവാനുള്ള താല്പര്യം എം.എമ്മിലുളവാക്കി.

മധ്യതിരുവിതാംകൂറിൽ ആത്മികകൃഷിയും തഴച്ചു വളർന്ന ഒരു കാലഘട്ടമായിരുന്നു അത്. വിതയും കൊയ്ത്തുമായി ദർശനമുള്ള ആത്മിക നേതാക്കന്മാർ രംഗത്തു വന്ന കാലം. അവർ കണ്ണീരിൽ വിതയ്ക്കുവാനും ആർപ്പോടെ കൊയ്യുവാനും തുടങ്ങി. മലങ്കരയുടെ മാർട്ടിൻ ലൂഥറായ മഹാകവി കെ.വി സൈമൺ, മലഞ്ചരിവുകളെല്ലാം ഉഴുതു മറിച്ച് നവോത്ഥാനത്തിന്റെ വിത്തെറിഞ്ഞു. ഒട്ടേറെ പുതുനാമ്പുകൾ മുളച്ചു. സമൃദ്ധമായ വിളകണ്ട് ദൈവജനത്തിന്റെ കണ്ണും കാതും കുളിർത്തു.

കൗമാരത്തിന്റെ ആദ്യനാളുകളിലേക്ക് പ്രവേശിച്ച നമ്മുടെ കഥാപുരുഷൻ അങ്ങനെയിരിക്കെ ഒരു വാർത്തയറിഞ്ഞു, തങ്ങളുടെ പുരയിടത്തിൽ സുവിശേഷയോഗങ്ങൾ നടത്താൻ മഹാകവി കെ.വി. സൈമൺ വരുന്നു.

കാനത്തിലെ അവറാച്ചൻ എന്ന



തന്റെ മക്കൾക്ക് എല്ലാവർക്കും ജാതകം എഴുതിക്കുന്ന പതിവും തനിക്കുണ്ടായിരുന്നു. അങ്ങനെ എം.എമ്മിന്റെ മാതാവിന്റെ ജാതകവും എഴുതിച്ചിരുന്നു. ആ ജാതകപ്രകാരം മാതാവ് തന്റെ 29-ാം വയസ്സിൽ മരിച്ച് പോകുമെന്ന് എഴുതിയിട്ടുണ്ട്. സന്ദർഭവശാൽ ഈ വിവരം എം.എം അറിഞ്ഞു. ഭക്തിയും പ്രാർത്ഥനയും ദൈവവിശ്വാസവും ഒക്കെ ഉണ്ടായിരുന്നെങ്കിലും ജാതകപ്രകാരം സംഭവിച്ചെങ്കിലോ എന്നുള്ള അന്ധവിശ്വാസവും ഭയവും തന്നെ അലട്ടുവാൻ തുടങ്ങി.

പുറമേ ക്രിസ്തുമതഭക്തിയും ആചാ

പിതാവും പണിക്കരു വീട്ടിലെ കുഞ്ഞൗസേപ്പച്ചൻ എന്ന പിതാവും കൂടെയാണ് അതിനുള്ള തയ്യാറെടുപ്പുകൾ നടത്തിയത്.

കാനം യാക്കോബായ പള്ളിയിലെ പ്രമുഖ അത്മായരായിരുന്നെങ്കിലും, ഒരു ആത്മികസംരംഭത്തിന് പിൻതുണയേകാൻ എം.എമ്മിന്റെ പിതാവിന് ഒട്ടും വിമുഖതയുണ്ടായിരുന്നില്ല. വേർപാട് സമൂഹത്തിലെ രണ്ട് തലമുറയിൽപ്പെട്ട രണ്ട് മഹാരഥന്മാരുടെ ആദ്യസമാഗമവേദിയിരുന്നു ആ യോഗപന്തൽ. അന്നത്തെ യോഗങ്ങളിൽ കുടുംബത്തിലെ പല വ്യക്തികളും മറ്റ് നിരവധി ആളുകളും മാനസാന്തരപ്പെട്ടു. അങ്ങനെ കാനത്തെ ബ്രദറൺ സഭ ഉടലെടുക്കുകയും ചെയ്തു. എം.എമ്മിന്റെ ഭവനാങ്കണത്തിൽ തന്നെയായിരുന്നു ആദ്യം സഭായോഗങ്ങൾ കൂടിവന്നിരുന്നത്.

വീണ്ടും വർഷങ്ങൾ പിന്നിട്ടു. ഒരിക്കൽകൂടെ ഒരു മടക്കയാത്ര, മാതൃഭൂമിയായ പുതുപ്പള്ളിയിലേക്ക്. അവിടെയുള്ള ബ്രദറൺ സഭ സജീവമായി സുവിശേഷപ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്ന കാലമായിരുന്നു അത്. പരക്കുന്നേൽ കുട്ടപ്പൻച്ചായൻ, കെ.വി ഐപ്പ് സാർ, കാണിയാംപറമ്പിൽ കുഞ്ഞപ്പനച്ചായൻ എന്നിവരായിരുന്നു പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന അന്നത്തെ പ്രമുഖർ. രക്ഷിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ലെങ്കിലും, എം.എം എന്ന 17 കാരനും അവരോടൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം നിർവ്വഹിച്ചു. അരീപ്പറമ്പിലെ സുവിശേഷകൻ കെ. ചാക്കോയും മറ്റു ചിലരും ആ നാളുകളിൽ എം.എമ്മിനോട് സുവിശേഷം പങ്കുവയ്ക്കാറുണ്ടായിരുന്നു.

**പുതുപ്പള്ളി കവലയിലെ ആ ആദ്യ സുവിശേഷപ്രഭാഷണ വേളയിൽ, കേരളത്തിന്റെ ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ പിതാവ് ശ്രീ ചാണ്ടിയും അന്നത്തെ ശ്രോതാക്കളിൽ ഉൾപ്പെട്ടിരുന്നു. അന്ന് അദ്ദേഹം ഒരു നിയമസഭാ സാമാജികനായിരുന്നു.**

അങ്ങനെയിരിക്കെ ഒരു സുവിശേഷയോഗത്തിൽ, വാഴൂർ ആശുപത്രിയിൽ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന കുഞ്ഞുകൊച്ചുപദേശി (എം.ജെ ചാക്കോ) വളരെ

➤ ➤

# മഹത്വത്തിൽ



**ഓമല്ലൂർ:** ബ്രദർ എം.ജി. സാമുവലിന്റെ (ഭോപ്പാൽ) മകനും ദോഹ എബനേസർ ബ്രദറൺ അസംബ്ലി അംഗവുമായ **റോബിൻ സാമുവൽ (40)** ജൂൺ 2-ന് കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഭൗതികശരീരം മഞ്ഞനിക്കര ബ്രദറൺ സഭാസെമിത്തേരിയിൽ ജൂൺ 5-ന് സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**തിരുവല്ല:** പരേതനായ കുറ്റപ്പുഴ ചെമ്പനാൽ സി.സി. മാമ്മന്റെ ഭാര്യ **പി.കെ. അമ്മിണിക്കുട്ടി (84)** ജൂൺ 8-ന് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. ഈ നാളുകളിൽ മഹാരാഷ്ട്രയിൽ സുവിശേഷകനായ മകൻ അലക്സ് മാമ്മനോടൊപ്പമായിരുന്നു. ഭൗതികശരീരം ജൂൺ 11-ന് നാഗ്പൂരിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

# ബൈബിൾ ക്വിസ് -80

## 2 ദിനവൃത്താന്തം

1. മനോബലമില്ലാത്തവനുമായിരുന്ന രാജാവാര്?
2. ശലോമോൻ നിയമിച്ച ചുമട്ടുകാർ എത്ര?
3. ശലോമോൻ പൊൻ പലകകൾ കൊണ്ടുണ്ടാക്കിയ വൻ പരിചകൾ എത്ര?
4. ആഹാബും യെഹോശാഫാത്തും എവിടെ ഇരുന്നപ്പോഴാണ് പ്രവാചകന്മാർ അവരോട് പ്രവചിച്ചത്?
5. കൊല്ലപ്പെടുന്ന രാജകുമാരന്മാരുടെ ഇടയിൽ നിന്നു യോവാശിനെ മോഷ്ടിച്ചെടുത്തു ഒളിപ്പിച്ച രാജകുമാരി ആര്?
6. മരുഭൂമിയിൽ അനേകം കിണറുകൾ കുഴിപ്പിച്ചവൻ ആര്?
7. തന്റെ പിതാവായ ദാവീദിന്റെ വഴികളിൽ ഇടത്തോട്ടോ വലത്തോട്ടോ മാറാതെ നടന്നവൻ ആര്?
8. വൃദ്ധന്മാർ തന്നോടു പറഞ്ഞ ആലോചന ത്യജിച്ച രാജാവാര്?
9. എഴുത്തിലൂടെ പ്രവചനം അയച്ചവൻ ആര്?
10. പൂജാഗിരികളിൽ ബലി കഴിച്ചും ധൂപം കാട്ടിയും പോന്നവൻ ആര്?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 77 – ശരിയുത്തരങ്ങൾ**

1. ശീശക്ക് (12:9) 2. ശലോമോൻ (1:10) 3. നൂറ് (4:8) 4. ആസാ (16:12) 5. യെഹോരാം (21:18,19) 6. അമസ്യാവ് (25:6,7) 7. യെഹിസ്കീയാവിനെ (32:33) 8. സെഖര്യാവ് യോവാശിനോടു (24:22) 9. കിദ്രോൻ തോട്ടിങ്കൽ വെച്ച് (15:16)10. യാഖീൻ, ബോവസ് (3:17)

**ക്വിസ് 75 – ശരിയുത്തരം അയച്ചവർ :** Jolly Mathew Pathanamthitta, P.V. Elizabeth Peroorkada, Mary George Pazhavangadi, Annamma Samuel Thriperumthura, P.A. Abraham Kariamplavu, Suseela Biju Cheppad, Alice Korah Puthupally, Nicey Renji Cheppad, Philomol K.Varghese South Chittoor, Rachel Manesh Wadakkanchery, Spurjan K.J. Balaramapuram, Mercy Rumees Pazhayannurppadam, Saramma Thomas Kottayam, K.Prabhakaran Ammanoorkonam, Annamma Alexander Koipuram, Sheena Santhosh Thriperumthura, Ponnamma Raju Sharjah, Darley Samuel Chennai, Jeemon Daniel Mallappally, Mariamma Thomas Kunnanthanam, Annamma Chacko Ranni, P.K. Georgekutty Perumbavoor, C. M. Daniel Kizhakkumpattukara, Rosamma Thomas Thadiyoor, Annamma Baby Ponkunnam, Mary Poulose Angamaly, Thomas Vappala-Cheppra, Jessy Monsan Kariamplavu, Suseela J. Ammanoorkonam, Mariamma Varghese Mundakkayam, Lois George Varghese Adoor, Sheeba Jennet Bangalore, Aleyamma Jacob Visakhapatnam, Betty Vinod Kottayam, Jaison Thomas Thrikkannamangal

**ക്വിസ് 76 – ശരിയുത്തരം അയച്ചവർ :** Jolly Mathew Pathanamthitta, P.V. Elizabeth Peroorkada, Mary George Pazhavangadi, Annamma Samuel Thriperumthura, P.A. Abraham Kariamplavu, Suseela Biju Cheppad, Alice Korah Puthupally, Nicey Renji Cheppad, Philomol K.Varghese South Chittoor, Rachel Manesh Wadakkanchery, Spurjan K.J. Balaramapuram, Mercy Rumees Pazhayannurppadam, Saramma Thomas Kottayam, K.Prabhakaran Ammanoorkonam, Annamma Alexander Koipuram, Sheena Santhosh Thriperumthura, Ponnamma Raju Sharjah, Darley Samuel Chennai, Jeemon Daniel Mallappally, Mariamma Thomas Kunnanthanam, Annamma Chacko Ranni, P.K. Georgekutty Perumbavoor, C. M. Daniel Kizhakkumpattukara, Rosamma Thomas Thadiyoor, Annamma Baby Ponkunnam, Mary Poulose Angamaly, O.Thomas Vappala-Cheppra, Suseela J. Ammanoorkonam, Sheeba Jennet Bangalore, Aleyamma Jacob Visakhapatnam, Betty Vinod Kottayam, Elizabeth P.V. Angamaly, C.A. Annakutty Perumbavoor, Kunjunjamma Moses Elanthoor, Mariamma Thomas Ranni, Annamma Joseph Uthimoodu , Jacob George Pathanamthitta, Latha Ravi Assam, Monykutty Thomas U.S.A.,

# വൈ.എം.ഇ.എഫ്. വാളകം യൂണിറ്റിന് പുതിയ ഭാരവാഹികൾ

**മൂവാറ്റുപുഴ :** 2015 മെയ് 16-ാം തീയതി കുന്നയ്ക്കാൽ ബ്രദറൺ സഭാഹാളിൽ നടന്ന വാർഷിക യോഗത്തിൽ വാളകം യൂണിറ്റിന്റെ പുതിയ കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുത്തു. 24-ാം തീയതി നടന്ന കമ്മിറ്റിയിൽ 2015 -16 വർഷത്തേക്കുള്ള ഭാരവാഹികളെയും തെരഞ്ഞെടുത്തു. പുതിയ ഭാരവാഹികളും കമ്മിറ്റിഅംഗങ്ങളും:

വി.വി. പൗലോസ് കടമറ്റം (പ്രസിഡന്റ് ), വി.വി ജോസ് മുളന്തുരുത്തി (സെക്രട്ടറി), ലിജോ സ്കറിയ കളമശ്ശേരി (ജോ. സെക്രട്ടറി), കമ്മിറ്റിയംഗങ്ങൾ: കെ. മത്തായി ഓടക്കാലി, കെ. വി. മത്തായി തങ്കളം, ടി.ഐ. പൗലോസ് പ്രളയക്കാട്, ബില്ലി പോൾ പോത്താനിക്കാട്, ടി.വി. നെൽസൺ ഊരമന, റെജി തങ്കച്ചൻ കടമറ്റം, ഗോഡ്ലി ജേക്കബ് കുന്നയ്ക്കാൽ, സാം പ്രസാദ് മുള്ളരിങ്ങാട്, ബൈജു ബേബി മാമലശ്ശേരി, കെ.വി. പൗലോസ് മുളന്തുരുത്തി, സിബു ചാർളി കൊച്ചി-പട്ടാളം, പി. ജെ. ജോൺസൺ കൊച്ചി- പാണ്ടിക്കുടി.

പുതിയ യൂണിറ്റ് ഭാരവാഹികളെയും തുടർന്നുള്ള പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

***വാളകം യൂണിറ്റ് പരിധിയിലുള്ള (എറണാകുളം ജില്ല) സ്ഥലം സഭകളുടെ ശ്രദ്ധയ്ക്ക്:*** നിങ്ങളുടെ സഭകളുടെ പരിസരപ്രദേശങ്ങളിലോ പുതിയ പ്രവർത്തനസ്ഥലങ്ങളിലോ സുവിശേഷ പ്രവർത്തനങ്ങൾ (ഏകദിന ദ്വിദിന പ്രവർത്തനങ്ങൾ, മിനി ക്യാമ്പുകൾ, പരസ്യയോഗങ്ങൾ എന്നിവ) നടത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ യൂണിറ്റ് സെക്രട്ടറിയുമായി ബന്ധപ്പെടുക.

*വിലാസം: വി.വി. ജോസ് വയലത്തും പൊറ്റയിൽ, വട്ടക്കുന്ന്, മുളന്തുരുത്തി പി.ഒ., എറണാകുളം - 682 314 മൊബൈൽ: 9747486845*

## എസ്.ബി.എസ്. മിനിക്യാമ്പ് സമാപിച്ചു

**പാലക്കാട്:** സുവിശേഷകൻ ബാലസംഘം പാലക്കാട് സെന്ററിന്റെ ആഭിമുഖ്യത്തിൽ, 2015 മെയ് 1,2 തീയതികളിൽ അകത്തേത്തറ ശാലേം ബൈബിൾ സ്കൂൾ കെട്ടിടത്തിൽ പാലക്കാട് ജില്ലയിലെ കുട്ടികൾക്കു വേണ്ടി ഒരു മിനി ക്യാമ്പ് (ബെയ്സ്) അനുഗ്രഹമായി നടന്നു. കുട്ടികളും ലീഡേഴ്സും അടക്കം ക്യാമ്പിൽ നൂറു പേർ പങ്കെടുത്തു.

കർത്തൃദാസന്മാരായ അനിൽ കുമാർ (നടത്തറ), സാമുവേൽ തോമസ് (പുതുപ്പാടി), ബിജു. സി. ജോൺ നെന്മാറ), സഹോദരി ഷിബി അനിൽ കുമാർ എന്നിവർ കുട്ടികൾക്കും ലീഡേഴ്സിനും പ്രത്യേകം ക്ലാസ്സുകൾ എടുത്തു. സാമുവേൽ വർഗീസിന്റെ നേതൃത്വത്തിൽ ക്യാമ്പിൽ പാട്ടുകൾ പഠിപ്പിച്ചു. പ്രവർത്തനങ്ങളെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

ബൈജു മാത്യു (സെക്രട്ടറി) 9961036456

## പ്രതിമാസ പ്രാർത്ഥനായോഗം

**പത്തനംതിട്ട:** പത്തനംതിട്ടയിലും ചുറ്റുപാടിലുമുള്ള സ്ഥലം സഭകളുടെ ഏകോപിച്ചുള്ള ഈ മാസത്തെ പ്രാർത്ഥനായോഗം കോന്നി ബ്രദറൺ സഭാഹാളിൽ ജൂൺ 27 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടക്കുന്നു. പ്രാർത്ഥനയോടെ പങ്കെടുക്കുക.

എ.എം. തോമസ് മൈലപ്രാ, റ്റി.ജി. മാത്യൂ കോന്നി

➤➤ വ്യക്തമായി സുവിശേഷം പങ്കുവയ്ക്കുകയും ശക്തമായി ആഹ്വാനം നൽകുകയും ചെയ്തു. ഒടുവിൽ ആ കുമാരൻ സുവിശേഷത്തോട് പ്രതികരിച്ചു. അത് 1944 ലായിരുന്നു. ഇന്നേക്ക് 70 സംവത്സരങ്ങൾക്ക് മുമ്പ്. എം.എമ്മിന്റെ ജീവിതത്തിലെ മറ്റൊരു വഴിത്തിരിവായിരുന്നു അത്. തൊട്ടടുത്ത ഞായറാഴ്ച, പതിവുപോലെ പുതുപ്പള്ളി സഭയുടെ ആഭിമുഖ്യത്തിൽ പുതുപ്പള്ളി കവലയിൽ ഒരു പരസ്യയോഗം നടന്നു. പുതിയ വിശ്വാസിയായ എം.എമ്മിന് സാക്ഷ്യം പറയാൻ സഭ ഒരവസരം നൽകി. തന്റെ മാനസാന്തരകഥ പറഞ്ഞതിനുശേഷം, എം.എം യേശുക്രിസ്തുവിന്റെ പുനരാഗമനത്തെ ആസ്പദമാക്കി ഒരു സുവിശേഷപ്രഭാഷണം നടത്തി. 1940 ൽ ഭവനാങ്കണത്തിൽ നടന്ന യോഗങ്ങളിൽ സൈമൺ സാർ ദാനിയേൽ പ്രവചനത്തെ ആസ്പദമാക്കി നടത്തിയ പ്രവചന പ്രസംഗങ്ങളുടെ രൂപരേഖ അദ്ദേഹത്തിന്റെ മനസിൽ ആഴത്തിൽ പതിഞ്ഞിരുന്നത് അടുക്കടുക്കായി പുറത്തെടുത്ത്, അനർഗളതയോടെ അവതരിപ്പിച്ച ആ ആദ്യപ്രഭാഷണം തന്നെ, ശ്രോതാക്കളുടെ സവിശേഷശ്രദ്ധ പിടിച്ചു പറ്റി. ഭൂമിയുടെ നാലതിരുകളിലും പിന്നീട് മാറ്റൊലി കൊണ്ട ആ മാന്ത്രിക ശബ്ദത്തിലൂടെ ആദ്യമായി കൃപയുടെ സുവിശേഷം അന്ന് പ്രഘോഷിക്കപ്പെട്ടു.

പുതുപ്പള്ളി കവലയിലെ ആ ആദ്യ സുവിശേഷപ്രഭാഷണ വേളയിൽ, കേരളത്തിന്റെ ഇപ്പോഴത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയുടെ പിതാവ് ശ്രീ ചാണ്ടിയും അന്നത്തെ ശ്രോതാക്കളിൽ ഉൾപ്പെട്ടിരുന്നു. അന്ന് അദ്ദേഹം ഒരു നിയമസഭാ സാമാജികനായിരുന്നു. കേൾവിക്കാരുടെ താല്പര്യപ്രകാരം, അടുത്തയാഴ്ചയും എം.എം. പ്രസംഗകന്റെ കുപ്പായമണിഞ്ഞു. ലോക മഹായുദ്ധവുമായി കർത്താവിന്റെ പുനരാഗമനത്തെയും, അന്ത്യയുദ്ധത്തെയുമൊക്കെ കൂട്ടിയിണക്കിയായിരുന്നു രണ്ടാം പ്രഭാഷണം.

അതിന് മുമ്പുതന്നെ, പക്ഷെ എം.എം പ്രസംഗവേദികളിൽ ശ്രദ്ധേയനായി കഴിഞ്ഞിരുന്നു. രാഷ്ട്രീയമായിരുന്നു വിഷയം എന്നേയുള്ളു. കോൺഗ്രസ് പാർട്ടിയോടായിരുന്നു ആഭിമുഖ്യം. സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കോൺഗ്രസിനുവേണ്ടി പ്രസംഗിക്കുവാനും പ്രവർത്തിക്കുവാനും ഉത്സുകനായിരുന്നു.

(തുടരും)

## സുവിശേഷ ക്യാമ്പുകൾ

**കട്ടപ്പന:** വൈ.എം.ഇ.എഫ്. ഹൈറേഞ്ച് ഡിവിഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. ജൂൺ 4,5 തീയതികളിൽ രാജാക്കാട് സുവിശേഷ ക്യാമ്പ് നടന്നു. ഹൈറേഞ്ചിലെ വിവിധ സ്ഥലം സഭകളിൽ നിന്നുള്ള സഹോദരന്മാർ പങ്കെടുത്തു. നിരവധി പേർ സുവിശേഷം കേൾക്കുവാനും ചിലർ കർത്താവിനെ രക്ഷകനായി സ്വീകരിക്കുവാനും ഇടയായി. 4-ാം തീയതി രാജാക്കാട് സഭാഹാളിൽ നടന്ന രാത്രിയോഗത്തിൽ സുവിശേഷകൻ പി.പി. വർഗീസ്, വളകോട് ദൈവവചനം ശുശ്രൂഷിച്ചു. അടുത്ത സുവിശേഷ ക്യാമ്പ് ജൂലൈ മാസത്തിൽ സൂര്യനെല്ലിയിൽ. പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി ദൈവജനത്തിന്റെ പ്രാർത്ഥന അപേക്ഷിക്കുന്നു.

തോമസ് മാത്യു
(സെക്രട്ടറി)

ഗാനം

## കർത്താവിന്റെ വരവ് അടുത്തു

**കെ.കെ. കുര്യാക്കോസ്, നിലമ്പൂർ**



**നാ**ളടുത്തു... നാളടുത്തു
കർത്തൻ വരവടുത്തു
കാണുന്നു കാലത്തിന്റെ ലക്ഷണം
നാഥന്റെ വരവേറ്റുവുമടുത്തു. (നാളടുത്തു....)

ക്രൂശെടുത്തു അനുഗമിക്കാൻ അരുളിയ നാഥാ
നിന്റെ അടുത്ത് എത്തുവാൻ നാളടുത്തു
ലോകത്തിൽ കഷ്ടത ഉണ്ടെന്നരുളിയ നാഥാ
കഷ്ടത തീരുവാൻ നാളടുത്തു. (നാളടുത്തു....)

എനിക്കായ് തുപ്പലേറ്റ നാഥാ
നിൻ മുഖം കാണുവാൻ നാളടുത്തു
എനിക്കായ് മുറിവേറ്റ നാഥാ
തിരുമാർവ്വിൽ ചാരുവാൻ നാളടുത്തു (നാളടുത്തു....)

ചിന്ത
*റ്റി. വി. എസ്.*

## വീഴ്ചക്കുമുന്നെ പ്രത്യക്ഷപ്പെടുന്ന ഭാവം

**ഈ** ഭാവത്തെ എളുപ്പത്തിൽ മനസ്സിലാക്കാൻ പ്രയാസമാണ്. അഹംഭാവത്തിന്റെ ഉയർച്ചയാൽ വീണവർ അനേകരാണ്. ഇത് ഒരു വ്യക്തിയിൽ വളരാൻ തുടങ്ങിയാൽ അവൻ അധികകാലം മുന്നോട്ടു പോകാതെ വീണിരിക്കും. കുടിലു മുതൽ കൊട്ടാരം വരെയും ഇതിന്റെ വേരുകൾ ശക്തിപ്രാപിക്കുന്നു. ഇത് ദൈവം പോലും വെറുക്കുന്ന ഒരു സ്വഭാവമാണ്. ദൈവം ചിലരെ സമ്പത്തുകൊണ്ടും ആരോഗ്യംകൊണ്ടും ജോലിയുടെ ഉയർച്ചകൊണ്ടും സൗന്ദര്യം കൊണ്ടും ഒക്കെ അനുഗ്രഹിച്ചു എന്നു വരാം. അത്

**പേരു കേട്ടാൽ ലോകം വിറയ്ക്കുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ തനിക്ക് പേരില്ല. അഹംഭാവം വരുത്തി വെച്ച വിന എത്ര ഭയാനകം.**

ആ വ്യക്തിക്ക് മാത്രമായി പരിണമിച്ചാൽ അത് അവനെ സ്വാർത്ഥതയിലേക്കും അഹംഭാവത്തിലേക്കും നടത്തിയെന്നു വരാം. മാത്രമല്ല അവർ ദൈവത്തെ മറക്കുന്നവരും ആയിത്തീരും. അങ്ങനെ ജീവിത ഉയർച്ചയിൽ പ്രവേശിച്ച പലരും പിൽക്കാലത്ത് താഴ്ചയിൽ വന്നു നിന്നത് ചരിത്രത്തിന്റെ താളുകളിൽ കാണാൻ സാധിക്കും. അവയെല്ലാം നമുക്ക് ഒരു മുന്നറിയിപ്പാണ്.

നെപ്പോളിയൻ ചക്രവർത്തിയെക്കുറിച്ച് നാം കേട്ടിട്ടുണ്ടല്ലോ. തന്റെ ഭരണകാലത്ത് ചില രാജ്യങ്ങൾ ഒഴിച്ച് യൂറോപ്പിലെ മിക്കവാറും രാജ്യങ്ങൾ തന്റെ ഭരണത്തിൻ കീഴിൽ താൻ കൊണ്ടുവന്നു. ലോകത്തെ കിടുകിടാ വിറപ്പിച്ച തന്റെ നാളുകൾ അധികകാലം നീണ്ടുനിന്നില്ല. ഒരു ദിവസം അത് അസ്തമിച്ചു. 1815-ൽ നടന്ന വാട്ടർലൂ യുദ്ധത്തിൽ നെൽസൺ ചക്രവർത്തിയുടെ മുന്നിൽ കീഴടങ്ങി. അദ്ദേഹം നെപ്പോളിയനെ സെന്റ്ഹെലി എന്ന ദ്വീപിലേക്ക് നാടുകടത്തി. അവിടെ ഏകനായി ഒരു പാറപ്പുറത്ത് ഇരുന്നുകൊണ്ട് നിരാശയുടെ വാക്കുകൾ പറയാൻ തുടങ്ങി - കൂട്ടിൽ കിടക്കുന്ന ഒരു പക്ഷിയെപ്പോലെ കണ്ണീരിലും നെടുവീർപ്പിലും 6 വർഷം താൻ കഴിച്ചുകൂട്ടി. 1821 മെയ് 5-ാം തീയതി നെപ്പോളിയൻ ഈ ലോകത്തോട് യാത്ര പറഞ്ഞു. അഹങ്കരിക്കുന്ന ഒരു മനുഷ്യന് ദൈവത്തിൽ നിന്ന് ലഭിക്കുന്ന ശിക്ഷയ്ക്ക് ഇതിൽ നല്ല ഒരു ഉദാഹരണം ചരിത്രത്തിൽ ഇല്ല. മാത്രമല്ല അദ്ദേഹത്തെ അടക്കിയ ശവക്കല്ലറയിൽ അദ്ദേഹത്തിന്റെ പേര് എഴുതാൻ ചോദിച്ചപ്പോൾ ബ്രിട്ടീഷ് പട്ടാള ഉദ്യോഗസ്ഥർ അതിന് അനുവദിച്ചില്ല. അവസാനം അവർ ഇങ്ങനെ എഴുതി. "Here lies a man who has no name" (ഒരു മനുഷ്യൻ ഇവിടെ കിടക്കുന്നു; അവന് പേരില്ല.) എന്തൊരു ദുഃഖകരമായ പര്യവസാനം- തന്റെ പേരു കേട്ടാൽ ലോകം വിറയ്ക്കുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ തനിക്ക് പേരില്ല. അഹംഭാവം വരുത്തി വെച്ച വിന എത്ര ഭയാനകം.

തങ്ങളെത്തന്നെ നിയന്ത്രിക്കാൻ കഴിയാത്തവർക്കും തിരിച്ചറിയാൻ കഴിയാത്തവർക്കും സംഭവിക്കാവുന്ന അപകടം ആണ് ഇത്. എന്നാൽ ഇത് ഈ കാലത്ത് വർദ്ധിച്ചു വരികയാണ്. ഇത് അന്ത്യകാലം ആണ്. അനേകരുടെ ഹൃദയങ്ങളിൽ വളക്കൂറുള്ള മണ്ണിൽ ഈ വിത്ത് സാത്താൻ വിതച്ചു കഴിഞ്ഞു. വളരാൻ അനുകൂലമായ ഒരു കാലാവസ്ഥയാണ് പൊതുവെ ഇന്ന് എല്ലാ മേഖലയിലും കണ്ടു കൊണ്ടിരിക്കുന്നത്. ആകയാൽ ദൈവമക്കളെന്നും, ആത്മികരെന്നും അഭിമാനിക്കുന്ന നമ്മിൽ അത് വളരാതിരിക്കട്ടെ. മഹത്വം എല്ലാം ദൈവത്തിന്- അത് നമ്മുടെ മുദ്രാവാക്യം ആയിരിക്കട്ടെ. സാത്താന്റെ തന്ത്രങ്ങൾ നാം അറിയാത്തവരല്ലല്ലോ. ●

SUVISESHA DHWANI
Fortnightly
Vol. 37 Issue 47
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**
Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com
**20.06.2015**

REGISTERED
*Reg. No. RN 29475/78*
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: D'Club, Kallissery.